
# തിരുനബി



അബ്ദുൽ ഹയ്യ് എടയൂർ

# തിരുനബി

# തിരുനബി

അബ്ദുൽ ഹഖ് എടയൂർ

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ

**THIRUNABI** *(Malayalam)*
(Biography)
By ABDUL HAYY EDAYUR
Publishers:
**ISLAMIC PUBLISHING HOUSE,**
P.O. Merikkunnu, Kozhikode- 673 012
Kerala State, India
E-mail : iphdir@eth.net
First Edition: May 1964
Sixteenth Edition: September 2005
Cover : Nasar Eramangalam
Typesetting : Premier DTP
Printers: Printarts Offset, Feroke
Rights with the Publishers
Distribution:
I.P.H. Fourland Building, Rajaji Road, Kozhikode-4, E-mail : iphcalicut@eth.net
I.P.H, M.P. Road, Kozhikode - 673 001
I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034
I.P.H, Madeena Masjid Complex, Padma Jn. Pullepady, Kochi - 35
I.P.H, I.P.H. Tower, P.O. Road, Thrissur-1
I.P.H, E. 34/236, Opp. Noor Masjid, Kannur -1

**Price Rs : 20.00**

THI 1 Sub 90, S.N 82/3000 TC: 57000 ISBN 81-8271-142-8

## പ്രസാധകക്കുറിപ്പ്

പ്രാഥമിക വിദ്യാലയങ്ങളിലെ കൊച്ചോമനകൾക്ക് രസിച്ചും വിനോദിച്ചും ശിക്ഷണശീലനം എന്ന ബോധത്തിൽനിന്ന് മർഹൂം അബ്ദുൽഹയ്യ് എടയൂർ രൂപകൽപന ചെയ്തതാണീ സരള കൃതി.

ഇസ്‌ലാമിന്റെ ആദർശ വിശ്വാസങ്ങളും സ്വഭാവ രീതികളും പെരുമാറ്റമര്യാദകളും ചരിത്രസംഭവങ്ങളിലൂടെ അഭ്യസിപ്പിക്കുന്ന രീതിയാണ് മർഹൂം അബ്ദുൽഹയ്യിന്റേത്. അതുകൊണ്ടുതന്നെ കൊച്ചു കുട്ടികൾ അവ അനായാസം പഠിച്ചു മനസ്സിലാക്കുന്നു. പ്രബലമായ പ്രമാണങ്ങളുടെ പിൻബലത്തോടെ പ്രവാചകന്റെ ജീവചരിത്രം പിഞ്ചുമനസ്സുകൾക്ക് ഉൾക്കൊള്ളാൻ കഴിയുംവിധം ഗദ്യത്തിലും പദ്യത്തിലും വരച്ചുവെച്ചിരിക്കുന്നു.

ഭാഷാ ലാളിത്യവും ശൈലീ വശ്യതയും അവതരണ ചാരുതയും 'തിരുനബി'യുടെ എടുത്തോതാവുന്ന പ്രത്യേകതയാണ്.

കുട്ടികൾക്കെന്നപോലെ സ്ത്രീകൾക്കും മുതിർന്നവർക്കും ഈ ലഘുകൃതി ഏറെ പ്രയോജനപ്പെടുമെന്നും നല്ലൊരു വായനാനുഭവമായിരിക്കുമെന്നും പ്രതീക്ഷിക്കുന്നു.

## അബ്ദുൽ ഹയ്യ് എടയൂർ

1931 മെയ് 27-ന് മലപ്പുറം ജില്ലയിലെ എടയൂർ പൂക്കാട്ടിരിയിൽ ജനനം. പിതാവ് പാലാറ രായിൻ. മാതാവ് കൊന്നക്കാട്ടിൽ കുഞ്ഞാത്തു. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം ഇരുമ്പിളിയം എലിമെന്ററി സ്കൂൾ, വളാഞ്ചേരി ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിച്ചു. വിദ്യാർഥിയായിരിക്കെ കമ്യൂണിസ്റ്റ് പാർട്ടിയിൽ ആകൃഷ്ടനായെങ്കിലും പിന്നീട് ജമാഅത്തെ ഇസ്‌ലാമിയിൽ അംഗമായി. ചെറുപ്പം മുതൽ തുടങ്ങിയ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ മരിക്കുവോളം തുടർന്നു. ധാരാളം നാടകങ്ങളും ഗാനങ്ങളും രചിച്ചിട്ടുണ്ട്. നാടക-ഗാനമേള ട്രൂപ്പുകൾ സംഘടിപ്പിച്ചിരുന്നു. ധാർമിക മൂല്യങ്ങൾ കുരുന്നു ഹൃദയങ്ങളിൽ കരുപ്പിടിപ്പിക്കലാണ് അദ്ദേഹത്തിന്റെ മിക്ക രചനകളുടെയും ലക്ഷ്യം. 34 വർഷം അധ്യാപകനായി സേവനമനുഷ്ഠിച്ചു. കലാ സാഹിത്യ രംഗത്തെ സംഭാവനകളെ മുൻനിർത്തി 'തനിമ' കലാ സാംസ്കാരികവേദി അദ്ദേഹത്തെ ആദരിക്കുകയുണ്ടായി.

കൃതികൾ: തിരുനബി, ഉത്തമബാലൻ, സൂചിപ്പ് കൂലി, ഉമറിന്റെ മാനസാന്തരം, ധീരവനിത, പുലരി, ഉണരുക, ചരിത്രനായകൻ, ആയിരം വിലങ്ങ്.

2004 ഒക്ടോബർ ഒമ്പതിന് അന്തരിച്ചു. ഭാര്യ ആയിശാബി. മക്കൾ: ശരീഫാ റഹ്മാൻ, മുഹമ്മദ് ഫൈസൽ, ഇഖ്ബാൽ, സുമയ്യാ സീനത്ത്, മുഹമ്മദ് സലീം, ശഹർബാൻ, മുഹമ്മദ് ശഫീഖ്, മുഹ്സിൻ സാബിഖ്.

# പ്രാർഥനാ ഗാനം

*(മഞ്ജരി)*

സർവ സംരക്ഷകാ, സർവാധി നായകാ,
സർവവും നിന്നിലായർപ്പിക്കുന്നു.
വാനവും ഭൂമിയും മറ്റുള്ള സർവതും
വാഴ്ത്തുന്നു നിന്നുടെ വൈഭവങ്ങൾ!
സൂര്യനും, ചന്ദ്രനും നക്ഷത്രജാലങ്ങൾ
നേരെ ചരിപ്പതു നിൻ കാരുണ്യം!!
വായുവും വെള്ളവും സർവേശാ നിന്നുടെ
മായാത്ത മുദ്ര പതിച്ചീടുന്നു!!
വിശ്വത്തിലെല്ലാതും പുൽക്കൊടിപോലും നിൻ
സൃഷ്ടി വൈഭവം വിളിച്ചോതുന്നു!
ഇപ്രപഞ്ചത്തിലെ സർവതും നിന്നുടെ
ചൊൽപടിക്കൊത്തു ചലിച്ചീടുന്നു!

* * *

നാഥാ! നീ ഞങ്ങളെ കൂട്ടിയിണക്കണേ
നീതി നിറഞ്ഞുള്ള നിന്റെ മാർഗെ,
നേരും നെറിയൊത്തു ജീവിക്കാൻ ഞങ്ങളെ
കാരുണ്യവാനേ തുണച്ചീടണേ!
ആദം തൊട്ടന്ത്യ പ്രവാചകരേന്തിയ
ആ ശുദ്ധ മാർഗത്തിൽ നീക്കീടണേ!
ഇക്കൊച്ചു പാഠശാലയിൽ പഠിക്കുന്ന
കൊച്ചുകിടാങ്ങളാം ഞങ്ങൾക്കു നീ
ശുദ്ധിയും ബുദ്ധിയും സത്യവും ധർമവും,
വിജ്ഞാന സമ്പത്തുമേകി നിത്യം
സത്യത്തിൻ സാക്ഷികളായി വളരുവാൻ
സത്യസ്വരൂപാ! തുണച്ചീടണേ!!

# ഒരുപദേശം

*(പെരുത്ത നൂറ്റാണ്ടിനു മുമ്പൊരിക്കലി)*

പഠിപ്പു കാലത്തു മടിച്ചിടാതെ
പഠിക്കവേണം മമ ബാലകന്മാർ
'ഇടക്കണ' ക്കണ്ടു വളർന്നുപോയാൽ
കുടക്കു കാലിന്നു വളച്ചിടാമോ....?
ലതാദികൾക്കിമ്പവളം കണക്കെ
മതിക്കു വിജ്ഞാന ജലം കൊടുക്കൂ.
ക്രമത്തിലല്ലേലതു ചീഞ്ഞു പോകും
ക്രമേണ നന്നായി വളർത്തിടേണം.
നാളേക്കുവേണ്ടുന്നതൊരുക്കുവാൻ നാം
നാളേക്കു നീട്ടുന്നതു ഭംഗിയല്ല.
കാലോചിതം വിത്തു വിതച്ചിടാഞ്ഞാൽ
കാലത്തു കൊയ്യുവതു സാധ്യമാണോ?
സദ്‌വൃത്തരെ കൂട്ടുപിടിച്ചിടേണം,
സദ്‌വൃത്തരായിട്ടു വളർന്നിടേണം.
ചന്ദന വൃക്ഷത്തണൽ പറ്റിനിന്നാൽ
ചന്ദനമല്ലാതെ മണത്തിടുമോ?
ദുർവൃത്തരെ കൂട്ടുപിടിച്ചിടല്ലേ
ദുർവാര, കേടായി ഭവിക്കും തീർച്ച!
ചാണകക്കുറ്റിക്കരു ചാരിനിൽക്കിൽ
ചാണകം നാറുമതു തീർച്ചയല്ലോ.

(മമ= എന്റെ. ഇടക്കണ= വെള്ളം തേവാനുപയോഗിക്കുന്ന ഏത്തത്തിന്റെ നടുവിൽ പിടിപ്പിക്കുന്ന മരക്കഷ്ണം. "ഇടക്കണ മൂത്താൽ കുടക്കാലിന്നു വളയുകയില്ല" (പഴഞ്ചൊല്ല്). ലതാദികൾ= വള്ളി മുതലായവ. ഇമ്പവളം= ഹിതകരമായ വളം. മതി= ബുദ്ധി. വിജ്ഞാനജലം= അറിവാകുന്ന വെള്ളം. ദുർവാരം= തടുക്കാനാവാത്ത)

# നബിമാർ

അല്ലാഹുവിന്റെ കൽപനകൾ ജനങ്ങൾക്കെത്തിച്ചു കൊടുക്കുവാൻ അവൻ മനുഷ്യരിൽനിന്ന് മഹാന്മാരെ തിരഞ്ഞെടുത്തു. അവർക്ക് നബിമാരെന്നും മുർസലുകളെന്നും പറയുന്നു. ആദ്യത്തെ നബി മനുഷ്യപിതാവായ ആദം നബിയും അവസാനത്തെ നബി മുഹമ്മദ് നബി(സ)യും ആകുന്നു. മറ്റു നബി മാരെപ്പറ്റി നമുക്ക് വഴിയെ പഠിക്കാം.

*(പൂമകളാണ്.....)*

അല്ലാഹു തന്നുടെ കൽപനകൾ
എല്ലാ ജനങ്ങൾക്കുമെത്തിക്കുവാൻ
അവരിൽ ചിലരെ അയച്ചു പണ്ടേ
അവരാം നബിമാരും മുർസലുകൾ
ആദി പിതാവാദം ആദ്യ നബി
അന്ത്യ നബിയാണ് ത്വാഹാ നബി
വേറേയുമുണ്ട് നബിമാർ പക്ഷേ
വഴ്യേ പറയാം കാര്യങ്ങൾ തീർത്തേ.

# മുഹമ്മദ് നബിയുടെ ജനനം

അറേബ്യ രാജ്യത്തിൽ 'മക്ക' എന്ന ഒരു പട്ടണമുണ്ട്. അവിടെയാണ് നമ്മുടെ മുഹമ്മദ് നബി (സ) ജനിച്ചത്. റബീഉൽ അവ്വൽ മാസം 12–നാണ് നബിയുടെ ജനനം. ഖുറൈശി ഗോത്രത്തിൽ ഹാശിം കുടുംബത്തിലാണ് നബി പിറന്നത്. നബിയുടെ ഉപ്പ അബ്ദുല്ല എന്നവരും, ഉമ്മ ആമിനാ ബീവിയുമാകുന്നു. നബി ജനിക്കുന്നതിന് രണ്ടു മാസം മുമ്പുതന്നെ പിതാവ് മരിച്ചു. ശിശുക്കൾക്ക് മുലകൊടുത്തു വളർത്താൻ പോറ്റമ്മമാരെ ഏൽപിക്കുന്ന പതിവ് അന്ന് അറേബ്യയിൽ നടപ്പുണ്ടായിരുന്നു. ഇതനുസരിച്ച് ആമിനാ ബീവി നബിയുടെ ഉപ്പാപ്പയായ അബ്ദുൽ മുത്ത്വലിബിന്റെ അനുവാദത്തോടെ നബിക്ക് മുലകൊടുത്തു വളർത്താൻ ബനൂസഅ്ദ് ഗോത്രക്കാരിയായ ഹലീമാ ബീവിയെ ഏൽപിച്ചു.

*(അന്നനട)*

അറേബ്യ നാട്ടിലെ വിശുദ്ധ മക്കയിൽ
പിറന്നു നമ്മുടെ മുഹമ്മദുനബി
റബീഉൽ അവ്വലിൽ തിയ്യതി പന്ത്രണ്ടിൽ
തിരുനബി ലോകത്തവതരിച്ചിതു
ഖുറൈശി ഗോത്രത്തിൽ പ്രസിദ്ധിനേടിയ
ഹാശിം കുടുംബത്തിൽ പിറന്നതാം നബി
നബിയുടെ ഉപ്പ അബ്ദുല്ലയും പിന്നെ
നബിയുടെ ഉമ്മ ആമിന ബീവിയാം
നബി ജനിപ്പതിന്നിരുമാസം മുമ്പെ
നബിയുടെ പിതാ മരിച്ചുപോയഹോ!
അന്നാടുതന്നിലെ മുറപോലെ ബീവി
തന്നോമൽ കുഞ്ഞിന് മുലകൊടുക്കുവാൻ
അബ്ദുൽ മുത്വലിബിന്റനുവാദത്തോടെ
ഹലീമ ബീവിയെ ഭരമേൽപിച്ചല്ലോ!

# ഒരു സംഭവം

നബി ഹലീമാ ബീവിയുടെ സംരക്ഷണത്തിലായിരുന്ന കാലത്ത് ഒരു സംഭവമുണ്ടായി. ആടുമേക്കാൻ കാട്ടിലേക്ക് പുറപ്പെട്ട കൂട്ടുകാരോടൊപ്പം ഒരുദിവസം നബിയും കൂടി. അവരോടൊപ്പം നബി കളിക്കുകയായിരുന്നു. പെട്ടെന്ന് വെള്ള വസ്ത്രധാരികളായ രണ്ടുമൂന്നാളുകൾ അവിടെയെത്തി. അവർ നബിയെ പിടിച്ച് മലർത്തിക്കിടത്തി. പിന്നീട് നെഞ്ചും വയറും കീറി ഹൃദയം പുറത്തെടുത്തു. അതിൽ നിന്നൊരു കറുത്ത രക്തക്കട്ട നീക്കം ചെയ്തു. അതിനുശേഷം മഞ്ഞുവെള്ളം കൊണ്ട് കഴുകി ഹൃദയം ശുദ്ധിയാക്കി. അനന്തരം പഴയപടി വെച്ച് മുറിവുകൂട്ടി പെട്ടെന്ന് മറഞ്ഞുപോയി.

സംഭവം കണ്ടുനിന്ന ഹലീമാബീവിയുടെ മകൻ വീട്ടിലേക്കോടി. തന്റെ മാതാപിതാക്കളെ സംഗതി അറിയിച്ചു. ഈ അത്ഭുത കൃത്യം കേട്ടമ്പരന്ന ഹലീമാ ബീവി കാട്ടിലേക്കോടി. പേടിച്ച് പാറക്കരുകിൽ പതുങ്ങിക്കിടക്കുന്ന തന്റെ പോറ്റുമോനെ വാരിയെടുത്ത് അവർ വീട്ടിലേക്ക് കുതിച്ചു. ഈ കുട്ടി മൂലം വല്ല ആപത്തിനും കാരണമാകുമെന്നവർ ശങ്കിച്ചു. അടുത്ത ദിവസം തന്നെ കുട്ടിയെ ആമിനാബീവിക്ക് തിരിച്ചേൽപിച്ചു. അന്ന് നബിക്ക് നാല് വയസ്സ് പ്രായമായിരുന്നു.

***(മഞ്ജരി......)***

**നാലു വയസ്സെത്തുവോളം തിരുനബി**
**ചേലിൽ വളർന്നു; ഹലീമ വീട്ടിൽ**
**അക്കൊച്ചു മാടത്തിൽ പിച്ചവെച്ചങ്ങനെ**
**അക്കൊച്ചു ബാലൻ വളർന്നുവന്നു.**
**അക്കാലമത്രയും സൗഖ്യവും സന്തുഷ്ടി**
**അക്കൊച്ചു കൂരയിൽ തങ്ങിനിന്നു!**
**അന്നൊരു വേളയിലാടുമേക്കാൻ നബി**
**കാനനം തന്നിലായ് പോയ നേരം**
**കാട്ടിലെ കായ്കളറുത്തു ഭുജിച്ചും തൻ**
**കൂട്ടാളരൊത്തു രസിച്ചീടുമ്പോൾ**
**എത്തുന്നു വെള്ളയുടുപ്പിട്ട മൂന്നുപേർ**
**മുത്തുനബിയെ പിടിച്ചീടുന്നു**

വെക്കം നബിയെ മലർത്തിക്കിടത്തിട്ടു
ചിക്കന്നു നെഞ്ചും വയറും കീറി.
കുഞ്ഞിക്കരളും പുറത്തെടുത്താമാന്യർ
മഞ്ഞുവെള്ളത്താലെ ശുദ്ധമാക്കി.
ചിട്ടയിൽ വെച്ചവർ വെക്കം മുറി കൂട്ടി
പെട്ടെന്നു പാടെ മറഞ്ഞുപോയി!
സംഭവം കണ്ടു; ഹലീമാ ബീവിമകൻ
സംഭ്രമിച്ചോടി തൻ വീട്ടിലെത്തി.
അക്കഥയൊക്കെയും വെക്കമറിയിച്ചു
അക്കൊച്ചു ബാലൻ–ഹലീമാ പുത്രൻ
അത്ഭുതകൃത്യം കേട്ടമ്പരന്നോടിക്കൊ–
ണ്ടെത്തി ഹലീമയും കാട്ടിലപ്പോൾ
ആരോമൽ പൈതലെ വാരിപ്പുണരുന്നു
അമ്മിഞ്ഞ നൽകിയ പൊന്നുമാതാ
ആയിരമായിരം ചുംബനമേകിക്കൊ–
ണ്ടായവർ വീട്ടിലേക്കു കുതിച്ചു!!

കുട്ടിയാലാപത്തു ശങ്കിച്ചു പോയിനാർ
കുട്ടിയെ വേഗം തിരിച്ചേൽപിക്കാൻ
അന്നുതൊട്ടുമ്മ തൻ വാത്സല്യത്തൊട്ടിലിൽ
പൊന്നുണ്ണിപ്പൈതൽ വളർന്നു വന്നു...!

(മാടം = വീട്. കാനനം = കാട്. ചിക്കന്നു = പെട്ടെന്ന്)

# ചെറുപ്പകാലം

ചെറുപ്പത്തിൽതന്നെ നബി വളരെ സമർഥനായിരുന്നു. കുടുംബങ്ങൾക്കും മറ്റുള്ളവർക്കും നബിയെ വളരെ സ്നേഹമായിരുന്നു. നബി നാട്ടുകാരുടെ കണ്ണിലുണ്ണിയായി വളർന്നു. നബിയുടെ ആറാമത്തെ വയസ്സിൽ ഉമ്മ 'അബവാഅ്' എന്ന സ്ഥലത്തുവെച്ച് മരണമടഞ്ഞു! പിന്നീട് കുട്ടിയെ പോറ്റിയത് ഉപ്പാപ്പയായ അബ്ദുൽ മുത്ത്വലിബ് ആണ്. നബിക്ക് 8 വയസ്സായപ്പോൾ അദ്ദേഹവും പരലോകം പ്രാപിച്ചു. അതിനുശേഷം നബിയുടെ മൂത്താപ്പ അബൂത്വാലിബ് നബിയെ വളരെ വാത്സല്യത്തോടെ വളർത്തിവന്നു.

*(വഞ്ചിപ്പാട്ട്......)*

ചെറുപ്പത്തിൽതന്നെ നബി സമർഥനായി വളർന്നു
എല്ലാവർക്കും മുസ്തഫായിൽ സ്നേഹം കിളർന്നു!
നാട്ടുകാർക്കും വീട്ടുകാർക്കും കണ്ണിലുണ്ണിയായി നബി
നാട്ടിന്നൊരു മാർഗദീപമായി തെളിഞ്ഞു.
വയസ്സാറുതികഞ്ഞപ്പോൾ മാതാവാകും ആമിനയും
'അബവാഅ്'ൽ വെച്ചു ലോകം വിട്ടുപിരിഞ്ഞു.
ഉമ്മ തന്റെ മരണത്തിൻ ശേഷമായി പൈതലിനെ
പിതാമഹൻ തന്നെ നേരിൽ പോറ്റിവളർത്തി....
എട്ടുവയസ്സെത്തിയപ്പോൾ അബ്ദുൽ മുത്ത്വലിബും തന്നെ
വിട്ടു പിരിഞ്ഞഹോ! ബാലൻ അനാഥനായി!
മൂത്താപ്പയാമബൂത്വാലിബുത്തമനാം നബിയേയും
വളർത്തി വന്നതിൻശേഷം വാത്സല്യത്തോടെ....

# ബാല്യകാല സ്വഭാവം

അനാഥനും ദരിദ്രനുമായ നബി ചെറുപ്പത്തിൽ ആടുമേച്ചാണ് കാലം കഴിച്ചത്. സമർഥനും സൽസ്വഭാവിയുമായിരുന്നു. നല്ല കുട്ടികളുമായി കൂട്ടുകൂടും. കൂട്ടുകാരിൽ നന്മ വളർത്തുന്നതിൽ നബി ചെറുപ്പന്നേ മാതൃകയായിരുന്നു. സത്യം പറയും; നൻമ പ്രവർത്തിക്കും. ഒരിക്കലും നബി കള്ളം പറഞ്ഞിട്ടില്ല. ചെറുപ്പത്തിൽ മറ്റു കുട്ടികളെപ്പോലെ വികൃതിയായിരുന്നില്ല. മൂത്തവരെ ബഹുമാനിക്കും, ഇളയവരോട് ദയ കാണിക്കും. ഉള്ളത് ഭക്ഷിക്കും. കിട്ടിയതുകൊണ്ട് തൃപ്തിപ്പെടും. നബി (സ) വളരെ വിശ്വസ്തനായിരുന്നു. എല്ലാവരും 'അൽ അമീൻ' (വിശ്വസ്തൻ) എന്ന് നബിയെ വിളിച്ചിരുന്നു.

*(താരാട്ട്)*

ആട്ടിൻപറ്റങ്ങളെ നോക്കി-നബി
ചിട്ടയിൽ ജീവിതം നീക്കി.
കൂട്ടുകാരൊത്തു കളിച്ചും-അന്നു
കൂട്ടത്തിൽ നൻമകൾ ചേർത്തും
മാതൃകയായി വളർന്നു, തന്റെ
മിത്രരിൽ സ്നേഹം കിളർന്നു!
കള്ളം പറയുകയില്ല-ഒട്ടും
കള്ളക്രിയകളുമില്ല.
മൂത്തവരെ ബഹുമാന്യം തന്നെ
ഇളയവരോട് കാരുണ്യം.
ഉള്ളതുകൊണ്ട് സംതൃപ്തി-കാട്ടും
ഉൾത്തടത്തെപ്പോഴും തൃപ്തി.
'അൽ അമീൻ' നാമവും പൊങ്ങി-നബി
വെണ്മയിൽ മിന്നിത്തിളങ്ങി.
സത്യം സഹനവും സ്നേഹം-പിന്നെ
സത്തുക്കളിൽ ബഹു പ്രേമം.
ഇത്യാദി സദ്ഗുണഭാവൻ-ബാല്യ
കാലത്തിലും ബഹുപൂമാൻ.

(മിത്രരിൽ = കൂട്ടുകാരിൽ. ഉൾത്തടം = മനസ്സ്. പൂമാൻ = പരിശുദ്ധൻ)

# ആദ്യയാത്ര

നബിയുടെ പിതൃവ്യൻ അബൂത്വാലിബ് കച്ചവടക്കാരനായിരുന്നു. അദ്ദേഹം പതിവുപോലെ മറ്റു കച്ചവടക്കാരൊന്നിച്ച് ചരക്കുമായി ശാമിലേക്ക് പുറപ്പെട്ടു. അദ്ദേഹം നബി(സ)യെയും കൂടെ കൂട്ടി. അന്ന് നബിക്ക് പന്ത്രണ്ട് വയസ്സ് കഴിഞ്ഞിരുന്നു. അവർ 'ബുസ്റ' എന്ന സ്ഥലത്തെത്തിയപ്പോൾ ഒരു ക്രിസ്തീയ പുരോഹിതനായ 'ബുഹൈറ' എന്ന മഹാൻ കുട്ടിയെ കാണാനിടയായി. മുഹമ്മദ് എന്ന പേരിൽ അവസാനം വരാനിരിക്കുന്ന പ്രവാചകന്റെ ലക്ഷണങ്ങൾ ഈ കുട്ടിയിൽ കാണുന്നുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ശത്രുക്കൾ തിരിച്ചറിയുന്നപക്ഷം കുട്ടിയെ കൊല്ലാൻ കാരണമാകുമെന്നും അതിനാൽ കുട്ടിയുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും അബൂത്വാലിബിനെ അദ്ദേഹം പ്രത്യേകം ഉപദേശിച്ചു. അടുത്ത ദിവസം അബൂത്വാലിബ് കുട്ടിയേയും കൊണ്ട് നാട്ടിലേക്ക് തിരിച്ചു.

*(മണിമുത്ത് മധുവാർന്ന)*

വർഷം പന്ത്രണ്ട് കഴിഞ്ഞല്ലോ-നബി
ക്കുൽക്കർഷം വ്യാപാരമായല്ലോ
മൂത്താപ്പ തന്നുടെ കൂട്ടത്തിൽ-കുട്ടി
എത്തുന്നു ശാമെന്ന രാജ്യത്തിൽ
ഓമനപ്പൂമുഖം കണ്ടല്ലോ-ഒരു
കേമനാം ക്രിസ്തീയനാണല്ലോ
കോമള ഗാത്രം സൂക്ഷിച്ചൊന്നെ-നോക്കി
കേമൻ 'ബുഹൈറാ'യും ചൊല്ലുന്നേ:
"നാഥനാലന്ത്യം അയക്കുമെ-നബി
നായകനിക്കുട്ടിയാകുമെ
ശത്രുക്കൾ കണ്ടെന്നാൽ കൊന്നേക്കും-നഷ്ടം
ലോകത്തിനാകെ പിണഞ്ഞേക്കും.
കുട്ടിയെ വേഗം മടക്കേണം-നിങ്ങൾ
മട്ടമിൽ കുട്ടിയെ നോക്കേണം."
ചൊല്ലി 'ബഹീറ' പിരിഞ്ഞല്ലോ-അബൂ
ത്വാലിബും വെക്കം തിരിച്ചല്ലോ...

(ഉൽക്കർഷം = ഉയർച്ച, വളർച്ച. കോമളഗാത്രം = ഇളം ശരീരം)

# ആദ്യ വിവാഹം

ജോലിയെടുക്കാതെ കുടുംബക്കാരുടെ ആഹാരവും പറ്റി കഴിഞ്ഞുകൂടുന്ന സ്വഭാവം നബി ഒട്ടും ഇഷ്ടപ്പെട്ടില്ല. സ്വന്തമായോ കൂട്ടായോ വല്ല വ്യാപാരവും നടത്തേണമെന്നും നബിക്കാശയായി. പക്ഷേ, അതിനുവേണ്ട പണമൊന്നും കൈവശമുണ്ടായിരുന്നില്ല. പല മാർഗങ്ങളും തിരുനബി ചിന്തിച്ചു. അതൊന്നും ഫലപ്പെട്ടില്ല.

അക്കാലത്ത് 'മക്ക'യിലെ വലിയ കച്ചവടക്കാരിയായിരുന്നു ഖദീജ (റ). അവരുടെ കച്ചവട നടത്തിപ്പിനു സത്യവാനും വിശ്വസ്തനുമായ ഒരാൾ ആവശ്യമായിവന്നു. നബിയുടെ സ്വഭാവഗുണങ്ങൾ മനസ്സിലാക്കിയ ഖദീജ (റ) നബി(സ)യെ തന്റെ ആവശ്യമറിയിച്ചു. നബി (സ) ആ ക്ഷണം സ്വീകരിക്കുകയും ജോലിയിലേർപ്പെടുകയും ചെയ്തു.

അടുത്ത ദിവസം തന്നെ ഖദീജാബീവിയുടെ ചരക്കുമായി നബി ശാമിലേക്ക് പുറപ്പെട്ടു. സഹായത്തിനായി ഖദീജ ബീവിയുടെ അടിമയായ മൈസറത്ത് കൂടെയുണ്ടായിരുന്നു. കച്ചവടത്തിൽ അസാധാരണമായ ലാഭം നേടി. വ്യാപാരം കഴിഞ്ഞു നാട്ടിൽ തിരിച്ചെത്തി. പുതിയ കച്ചവടക്കാരന്റെ സത്യസന്ധത, വിശ്വസ്തത എന്നിവയെക്കുറിച്ച് പലതും മൈസറത്ത് ഖദീജയെ ധരിപ്പിച്ചു. വിധവയായ ഖദീജാബീവി മൈസറത്ത് മുഖേന തിരുനബിയുമായി വിവാഹാലോചന നടത്തി. അധികം താമസിയാതെ അബൂത്വാലിബ് മുഖേന അവരുടെ വിവാഹം നടക്കുകയും ചെയ്തു. ഇതാണ് നബിയുടെ പ്രഥമ വിവാഹം.

*(വഞ്ചിപ്പാട്ട്)*

ജോലിയെടുക്കാതെ കൂട്ടുകുടുംബത്തിൽ മുതൽ പറ്റി
ജീവിക്കുവാൻ നബിയൊട്ടും ഇഷ്ടപ്പെട്ടില്ല.
ആശമുറ്റി ഹൃദയത്തിൽ കച്ചവടം ചെയ്യുവാനും
ആശ തീർക്കാൻ സമ്പത്തൊന്നും കൈവശമില്ല.
വ്യാപാരത്തിൽ പ്രമുഖയാം ഖദീജയെന്ന മഹതി
വ്യാപാരത്തിൽ സഹായിയായ് ക്ഷണിച്ചീടുന്നു.
കച്ചവട പ്രേമപൂക്കൾ വിരിയുമാ ഹൃദയവും
തൽക്ഷണം ഖദീജ വിളിക്കുത്തരം നൽകി.
കച്ചവടച്ചരക്കുമായ് ശാമിലെത്തി വാണിജ്യത്തിൽ

മെച്ചമായ ലാഭത്തോടെ നാട്ടിലുമെത്തി!
വ്യാപാരത്തിൽ സഹായിയാം മൈസറയും ഖദീജയെ
വ്യാപാരി തൻ മഹിമകൾ തെര്യപ്പെടുത്തി.
ഉത്തമനാം നബിയുമായ് വിവാഹത്തിനുള്ള ക്ഷണ
മെത്തിക്കുന്നു പിറ്റെ ദിനം മൈസറ തന്നെ!
അബൂത്വാലിബിൻ മുഖേന വിവാഹത്തിൻ ചടങ്ങുകൾ
നടന്നല്ലോ, നബി പൂർണ മനുഷ്യനായി!!
വിത്തമല്ല, ഇഹത്തിലും പരത്തിലും രക്ഷ നൽകാൻ
ഉത്തമ ഗുണങ്ങളാണെന്നറിഞ്ഞുകൊൾക!!

(വിത്തം = സമ്പത്ത്, ധനം)

# നബിയുടെ മാധ്യസ്ഥത

അറേബ്യയിലൊരു വലിയ വെള്ളപ്പൊക്കമുണ്ടായി. അതു നിമിത്തം കഅ്ബ യുടെ ചുമരുകൾക്ക് കേടുപറ്റി. അത് പുതുക്കിപ്പണിയാൻ ഖുറൈശികൾ തീർച്ചപ്പെടുത്തി. പണിയും ആരംഭിച്ചു. 'ഹജറുൽ അസ്‌വദ്' അതിന്റെ സ്ഥാനത്ത് വെക്കേണ്ട സമയമായപ്പോൾ അത് ആര് വെക്കണം എന്ന കാര്യ ത്തിൽ തർക്കമായി! തർക്കം മൂത്ത് വഴക്കായി. ദിവസം നാല് കഴിഞ്ഞു. അവർ യോഗം ചേർന്നു. സഭയിൽനിന്നും അബൂഉമയ്യ എന്ന വൃദ്ധൻ ഒരഭിപ്രായം പറഞ്ഞു: "ഇനി ഈ പള്ളിയിൽ ആദ്യമായി കടന്നുവരുന്ന ആൾ മാധ്യസ്ഥ്യം പറയുന്നതനുസരിച്ച് നമുക്ക് കാര്യം തീരുമാനിക്കാം." എല്ലാവരും അത് സമ്മ തിച്ചു. അതാ ഒരാൾ കടന്നുവരുന്നു. എല്ലാവരും തലയുയർത്തിനോക്കി. അതെ, അത് നമ്മുടെ മുഹമ്മദ് നബി (സ) ആയിരുന്നു. അന്ന് നബിക്ക് വയസ്സ് മുപ്പത്തഞ്ച്.

"അബ്ദുല്ലയുടെ മകൻ മുഹമ്മദ് തന്നെ മാധ്യസ്ഥ്യം വഹിക്കട്ടെ"- എല്ലാ വരും ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടു. ആ കരിങ്കല്ല് ഒരു വിരിപ്പിലെടുത്തു വെക്കാനും ഓരോ ഗോത്രത്തലവനോടും വിരിപ്പിന്റെ അറ്റം പിടിച്ചുപൊ ക്കാനും നബി കൽപിച്ചു. എല്ലാവരുംകൂടി വിരിപ്പ് പൊക്കുകയും തിരുനബി തന്റെ തൃക്കൈകളാൽ കല്ല് വാങ്ങി യഥാസ്ഥാനത്ത് വെക്കുകയും ചെയ്തു. തർക്കം അവസാനിച്ചു. എല്ലാവരും വളരെ സന്തുഷ്ടരായി പിരിഞ്ഞുപോയി.

*(വഴിപ്പാട്ട്)*

അറേബ്യയിലൊരു കാലം ജലം പൊങ്ങി-അന്നു
'കഅ്ബ' തൻ ചുമരുകൾ അതിൽ മുങ്ങി!
പല കേടുകളും വന്നു ഭവിച്ചല്ലോ-പണിയും
പുതുക്കുവാൻ ഖുറൈശികളുറച്ചല്ലോ
പ്രവൃത്തിയും ക്രമത്താലെ തുടർന്നല്ലോ-അവരും
തകൃതിയിൽ പണിതീർക്കാൻ മുതിർന്നല്ലോ
'ഹജറി'നെ യഥാസ്ഥാനം ഉറപ്പിക്കാൻ-കൂട്ടർ
അതു ചൊല്ലി കലഹിപ്പിന്നിടയായി!!
'ഹറ'മിൽ വെച്ചൊരു യോഗം അവർ കൂടി-അന്നു
അതുവഴി ഒരു കാര്യമുറപ്പായി.

അവിടെ ആഗമിക്കുന്നവരിൽ മുമ്പൻ -മധ്യം
പറയുമ്പോൾ പ്രവർത്തിക്കാം ശരിയായി
ഉറപ്പായി കടന്നുചെന്നവിടത്തിൽ-ലോക
ഗുരുവാകും നബി തക്ക സമയത്തിൽ
തിരുദൂതരൊരു വിധി കൊടുത്തല്ലോ-നാഥൻ
ഉതവിയാലതു ഫലം വരിച്ചല്ലോ!
സമർഥനാം നബി വിരിപ്പെടുത്തല്ലോ-കല്ലും
അതിൽ വെക്കാനവരോടായുരച്ചല്ലോ
ഉരവുപോലവർ ചെയ്ത് തിരിച്ചല്ലോ-നബി
ഉരച്ചപോലവർ തെല്ല് പിടിച്ചല്ലോ.
തറവാട്ടു തലവൻമാർ പിടിക്കുന്നെ-കല്ലും
തിരുകയ്യാൽ യഥാസ്ഥാനം പതിക്കുന്നു!
കുതുകത്താൽ ഖുറൈശികൾ തിരിച്ചല്ലോ-നാട്ടിൽ
പുതുഹർഷപ്പുലരി വന്നണഞ്ഞല്ലോ!!

(ഉതവിയാൽ = സഹായിച്ചതിനാൽ. ഉരച്ചപോൽ = പറഞ്ഞപോൽ. കുതുകത്താൽ = സന്തോഷത്തോടെ. പുതുഹർഷപുലരി = സന്തോഷത്തിന്റെ പുതിയ പ്രഭാതം.)

# ജാഹിലിയ്യാ കാലക്കാർ

ഇസ്ലാമിനു മുമ്പുള്ള അറബികൾ 'ജാഹിലിയ്യാ കാലക്കാർ' എന്ന പേരിലാണറിയപ്പെടുന്നത്. അന്ന് അറേബ്യ അനാചാരങ്ങളാൽ മൂടപ്പെട്ടിരുന്നു. കൊള്ള, കൊല, വ്യഭിചാരം, ചൂതാട്ടം തുടങ്ങിയ നീചകൃത്യങ്ങളവർ ചെയ്തു വന്നു. ഏറ്റവും നിസ്സാരമായ കാര്യങ്ങൾക്കുപോലും അവർ പരസ്പരം കലഹിച്ചു. തറവാടിത്ത മഹിമയും ഗോത്ര മാഹാത്മ്യവും അവർക്കിടയിൽ ശണ്ഠക്ക് കാരണമായി! അപമാനത്തേയും ദാരിദ്ര്യത്തേയും ഭയന്നു സ്വന്തം പെൺകുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടുകയെന്ന ക്രൂരകൃത്യവും അവരിൽ ചിലർ നടത്തിപ്പോന്നു!

മരിച്ച് മൺമറഞ്ഞ കാരണവൻമാരുടെ പേരിൽ നേർച്ചകളും വഴിപാടുകളും കഴിക്കുകയും അവരുടെ പേരിൽ ബിംബങ്ങളും പ്രതിമകളും ഉണ്ടാക്കി ആരാധിക്കുകയും ചെയ്യുക അവരുടെ പതിവായിരുന്നു. വിഷമഘട്ടങ്ങളിൽ വിഗ്രഹങ്ങളുടെ മുമ്പിൽ ചെന്ന് അവർ സഹായം തേടുകയും ചെയ്തിരുന്നു.

ദുഷിച്ചുനാറിയ ഈ ചുറ്റുപാട് നബി തീരെ ഇഷ്ടപ്പെട്ടില്ല. ഇത്തരം ദുർവ്യത്തികളിൽനിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കാനുള്ള ചിന്ത നബിയിൽ വളർന്നുവന്നു. നുബുവ്വത്തിന്റെ ആരംഭമെന്നോണം നബി പല സ്വപ്നങ്ങളും കണ്ടുതുടങ്ങി. അവ സത്യമായി പുലരുകയും ചെയ്തു.

***(താമരപ്പൂങ്കാവനത്തിൽ)***

ദുർനടപടി പലതും മുറ്റിനിന്നു ചുറ്റിൽ
ധൂർത്തരും ദുർവൃത്തരുമേ ഏറിവന്നു നാട്ടിൽ
കൊള്ളയും കൊലയും വ്യഭിചാരവും ചൂതാട്ടം
കളവും കവർച്ചയും കലഹമാണ് കഷ്ടം!
ഗോത്രമേന്മ പേരിലായ് പരസ്പരം കയർത്തു!
മിത്രമൈത്രി ബന്ധവും തുരുതുരെ തകർത്തു!
പുത്രികൾ ജനിപ്പതപമാനമായ് ധരിച്ചു;
പട്ടിണി ഭയന്നു കൊല ചെയ്തവർ മറച്ചു!
തീർന്ന മഹാന്മാരുടെ പ്രതിമകൾക്ക് നിത്യം
നേർന്ന വഴിപാടുകൾ കഴിച്ചുവന്നു കൃത്യം.
ദൈവമാക്കി പൂജ ചെയ്തു രക്ഷയുമർത്ഥിച്ചു;

ജീവിതമിതുവിധത്തിൽ ശിർക്കിനാൽ ദുഷിച്ചു!
ഇത്തരം പറ്റായ്മകൾ വെറുത്തു നബിയുല്ലാ;
ഹൃത്തടവുമത്തലാൽ നിറഞ്ഞു റസൂലുല്ലാ
ഏകദൈവത്തെ കുറിച്ചു ചിന്തകൾ വളർന്നു
ഏകനായ് പലപ്പോഴും കഴിയുവാൻ മുതിർന്നു
ദിവ്യസ്വപ്നങ്ങൾ മുഴുവൻ സത്യമായ് പുലർന്നു
ദിവ്യസന്ദേശം ലഭിക്കാൻ സൂചന നിരന്നു!

(ശിർക്ക് = ബഹുദൈവാരാധന. പറ്റായ്മകൾ = പാടില്ലാത്തവ. ഹൃത്തടം = മനസ്സ്. അത്തൽ = ദുഃഖം, വ്യസനം)

# നുബുവ്വത്ത്

നാൽപത് വയസ്സ് തികയാറായപ്പോൾ നബി ഏകാന്തവാസം കൂടുതൽ ഇഷ്ട പ്പെട്ടു. ദുഷിച്ചുനാറിയ ചുറ്റുപാടിൽ നിന്ന് അകന്നുജീവിക്കാൻ നബി (സ) തീർച്ചപ്പെടുത്തി. ആവശ്യത്തിനുള്ള ഭക്ഷണപാനീയങ്ങളും ശേഖരിച്ച് ഹിറാ മലയിലെ ഒരു ഗുഹയിൽ പോയിരുന്ന്, അല്ലാഹുവിനെ ധ്യാനിക്കാൻ തുടങ്ങി. ഏതാനും മാസം ഈ നില തുടർന്നു.

ഒരു ദിവസം ജിബ്‌രീൽ (അ) എന്ന മലക്ക് നബിയുടെ മുമ്പിൽ പ്രത്യ ക്ഷപ്പെട്ടു. ജിബ്‌രീൽ (അ) 'ഇഖ്‌റഅ്' (വായിക്കുക) എന്നുച്ചത്തിൽ പറഞ്ഞു. നബി (സ) വല്ലാതെ ഭയന്നു. 'മാ അന ബി ഖാറിഅ്' (ഞാൻ ഓത്ത് ശീലിച്ച വനല്ല) എന്ന് നബി മറുപടി നൽകി. ആഗതൻ നബിയെ കെട്ടിപ്പിടിച്ച് ആ വാക്ക് വീണ്ടും വീണ്ടും ആവർത്തിച്ചു. നബി (സ) ആദ്യത്തെ മറുപടിതന്നെ പറഞ്ഞു. അപ്പോൾ ജിബ്‌രീൽ (അ) 'ഇഖ്‌റ് ബിസ്മി റബ്ബികല്ലദീ ഖലഖ്' മുതൽ 'അല്ലമൽ ഇൻസാന മാലം യഅ്‌ലം' വരെയുള്ള, 'അൽ അലഖ്' അധ്യാ യത്തിലെ ആദ്യത്തെ അഞ്ച് സൂക്തങ്ങൾ ഓതിക്കേൾപ്പിച്ചു. ഇതാണ്, നബി(സ)ക്ക് ആദ്യമായി ലഭിച്ച വഹ്‌യ് (ദിവ്യ സന്ദേശം). ഇത് നബിയുടെ 40-ാം വയസ്സിലായിരുന്നു. ഈ സംഭവം റമദാൻ മാസത്തിലാണ് ഉണ്ടായത്. അന്നാണ് നമ്മുടെ നബിയായ മുഹമ്മദ്(സ)ക്ക് 'നുബുവ്വത്ത്' അല്ലെങ്കിൽ 'നബി എന്ന സ്ഥാനം' കിട്ടിയത്. നബിക്ക് നുബുവ്വത്ത് ലഭിച്ച രാവിന്ന് 'ലൈല തുൽ ഖദ്ർ' അല്ലെങ്കിൽ 'നിർണിത രാത്രി' എന്നു പറയുന്നു.

***(പൂമകളാണ്......)***

അജ്ഞാന കൂരിരുൾ നീക്കീടുവാൻ
വിജ്ഞാനക്കൈത്തിരി നീട്ടീടുവാൻ
അക്രമം, വിക്രിയ നീക്കീടുവാൻ
സൽക്കർമം പാരിൽ പരത്തീടുവാൻ
ദുർമാർഗം പാടെ തുരത്തീടുവാൻ
സൻമാർഗ ദീപം കൊളുത്തീടുവാൻ
ഏകവൻ നേർവഴി കാട്ടീടുവാൻ
പാകപ്പിഴകൾ തകർത്തീടുവാൻ
പാരിൽ പിറന്നുള്ള പുണ്യറസൂൽ

പ്രായം നാൽപതോടടുത്തു; റസൂൽ
ചുറ്റുപാടുവിട്ടു ജീവിക്കാനും
ഒറ്റക്കിരുന്നങ്ങു ധ്യാനിക്കാനും
മുറ്റിയ സ്നേഹം കിളർന്നുപൊങ്ങി
മുത്തുനബി വീടും വിട്ടിറങ്ങി....
അന്തികത്തുള്ള 'ഹിറാ' മലയിൽ
സ്വന്തമായ് ഗാത്രൻ ഒരു ഗുഹയിൽ
ഏകാന്തവാസം തുടർന്നുവന്നു,
ഏക നാഥനെ ധ്യാനിച്ചിരുന്നു...
വർഷം നാൽപതു തികഞ്ഞു അന്ന്
'വഹ്യു'മായ് 'ജിബ്രീല'ടുത്തുവന്നു.
'ഇഖ്റഅ്' എന്നോതി കേൾപ്പിക്കുന്നു
നബിയും പേടിച്ച് വിറച്ചീടുന്നു.
ഇരുവട്ടം ഓതുവാനാജ്ഞാപിച്ചു.
തിരുനബി മറുപടി ആവർത്തിച്ചു.
മലക്ക് 'ജബ്റാഈലോ'തീടുന്നു.
മേലവൻ കൽപന കേൾപ്പിക്കുന്നു.
നബിപട്ടം കിട്ടിയ പുണ്യപൂമാൻ
നാഥൻ മുറ്സലായ് തീർന്ന മഹാൻ
റഹ്മാനവൻ തന്റെ സത്യക്കൊടി
റഹ്മത്തുൽ ആലമീൻ നാട്ടി ഭൂവിൽ
നിത്യവും ദൈവത്തിൻ കാരുണ്യങ്ങൾ
തിരുനബി മേലിൽ ചൊരിഞ്ഞീടട്ടെ.

(പാരിൽ = ലോകത്ത്. ഏകവൻ നേർവഴി = അല്ലാഹുവിന്റെ നേർമാർഗം. കിളർന്നു = വളർന്നു. അന്തികത്തുള്ള = തൊട്ടടുത്തുള്ള. റഹ്മത്തുൽ ആലമീൻ = ലോകർക്ക് അനുഗ്രഹം. ഭൂവിൽ = ഭൂമിയിൽ)

# തിരുനബിയുടെ ബേജാർ

ഇരുളടഞ്ഞ അറേബ്യൻ മരുഭൂമിയിൽ ഇസ്‌ലാമാകുന്ന പൊന്നമ്പിളി വീണ്ടും ഉദിച്ചുയർന്നു. അത് നാനാദിക്കിലും പാലൊളി പരത്തി.

അല്ലാഹുവിന്റെ കൽപന ഓതികേൾപിച്ച ശേഷം ജിബ്‌രീൽ എന്ന മലക്ക് സ്ഥലംവിട്ടു. തിരുമേനിക്ക് തൽക്കാലം ഒന്നും മനസ്സിലായില്ല. അവിടന്ന് ആകപ്പാടെ ബേജാറായി! ഹിറാസംഭവം നബിയുടെ ശരീരത്തെ പിടിച്ചുകുലുക്കി. അവിടന്ന് പേടിച്ചുവിറച്ചു! ശരീരം തളർന്നു. തിരുനബി പിന്നെ അവിടെ നിന്നില്ല. നന്നെ പണിപ്പെട്ട് വീട്ടിലെത്തിച്ചേർന്നു. ചെന്നപാടെ വിളിച്ചുപറഞ്ഞു:

"എനിക്കു പുതച്ചുതരൂ, പുതച്ചുതരൂ....!" ഖദീജാബീവി തന്റെ മാരനെ പുതപ്പിട്ടുമൂടി. അങ്ങനെ അൽപനേരം വിശ്രമിച്ചു. ഒന്നുമയങ്ങിയോ എന്ന് സംശയം. കുറഞ്ഞൊരാശ്വാസം തോന്നി. നബി എഴുന്നേറ്റിരുന്നു. ഖദീജാബീവി ചോദിച്ചു: "എന്തുപറ്റി? അങ്ങേക്ക് വല്ലാത്ത ബേജാറുണ്ടല്ലോ?" തിരുമേനി ഹിറാസംഭവം വഴിപോലെ വിസ്തരിച്ചു. എന്നിട്ട് പറഞ്ഞു: "എനിക്ക് വല്ലാത്ത പേടി തോന്നുന്നു."

"ഭയപ്പെടാനൊന്നുമില്ല. മഹത്തായ സേവനങ്ങൾ നിർവഹിക്കുന്ന അങ്ങയെ പടച്ചതമ്പുരാൻ കൈവെടിയുകയില്ല" - ബീവി ഒട്ടും ബേജാറായില്ല. അവർ തന്റെ പ്രിയതമനെ സാന്ത്വനപ്പെടുത്തി.

തിരുമനസ്സ് ക്രമേണ ശാന്തമായി. ആ ദമ്പതിമാർ ഹിറാ സംഭവത്തിന്റെ യഥാർഥ പൊരുളറിയാൻ വറഖതുബ്നു നൗഫൽ എന്ന ക്രിസ്തീയ പുരോഹിതന്റെ അടുത്തേക്ക് പുറപ്പെട്ടു. വറഖത്ത് ഖദീജാബീവിയുടെ ഒരു ചാർച്ചക്കാരനായിരുന്നു. ഹിറാ ഗുഹയിൽ വെച്ചുണ്ടായ സംഭവമെല്ലാം തിരുനബി വറഖത്തിനെ കേൾപ്പിച്ചു. അദ്ദേഹം എല്ലാം ശ്രദ്ധയോടെ കേട്ടു. എന്നിട്ടു പറഞ്ഞു:

"ഭയപ്പെടാനൊന്നുമില്ല. മൂസാനബി(അ)ക്ക് ദൈവസന്ദേശമെത്തിച്ചിരുന്ന അല്ലാഹുവിന്റെ രഹസ്യദൂതനായ 'നാമൂസാ'ണ് ആ വന്നത്. താങ്കളെ അന്ത്യപ്രവാചകനായി ദൈവം നിശ്ചയിച്ചിരിക്കുന്നു." വറഖത്ത് തുടർന്നു:

"ഓ മുഹമ്മദ്, താങ്കൾ പ്രവർത്തനരംഗത്തേക്കു കാലെടുത്തുവെയ്ക്കുമ്പോൾ താങ്കൾക്ക് നാനാതരം ക്ലേശങ്ങൾ നേരിടും; നാട്ടുകാർ മർദിക്കും; നാട്ടിൽനിന്നു പുറത്താക്കും!"

"എന്ത്? എന്റെ ഉറ്റവരും ഉടയവരുമായ നാട്ടുകാർ എന്നെ നാട്ടിൽനിന്നും പുറത്താക്കുമെന്നോ?"

"തീർച്ചയായും, അതാണ് കഴിഞ്ഞകാലത്തെ നബിമാർക്കെല്ലാമുണ്ടായ അനുഭവം. അന്ന് ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ, താങ്കൾക്ക് ശക്തമായ പിന്തുണ നൽകും" - വറഖത്ത് ഉറപ്പിച്ചുപറഞ്ഞു.

കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ നബി(സ)യും പത്നിയും സ്വന്തം ഗൃഹത്തിലേക്ക് തിരിച്ചുപോന്നു.

*(വൃത്തം : അന്നനട)*

ഉദിച്ചു വാർമതി, പരന്നു തൂവൊളി,
വിധിച്ചപോൽ നബിക്കിറങ്ങി കൽപന.
മലക്ക് ബോധകൻ പിരിഞ്ഞു തൽക്ഷണം
തളർച്ച ബാധിച്ചുൾക്കിടിലം പൂണ്ടല്ലോ.
മിടിച്ചു ഹൃത്തടം, പിടച്ചു തൻ തരു.
തുടിച്ചു തന്തുക്കൾ, വിറച്ചു മേനിയും.
അവശനായ് നബി ഉഴറി വേഗത്തിൽ
വിവശനായ് തൻ ഗൃഹത്തിലെത്തിനാൻ
കഥിച്ചു: "മൽസഖി, പുതപ്പിക്കൂ എന്നെ."
ഖദീജ മാരനെ പുതപ്പിച്ചു വെക്കം
അടുത്തിരുന്നവർ തലോടി തൃജ്ജഡം,
കിടപ്പിലിത്തിരി മയങ്ങിയോ മഹാൻ?
കുറഞ്ഞ വിശ്രമം കഴിഞ്ഞതിൽ പിന്നെ,
തിരുനബിയെണീറ്റിരുന്നു പായയിൽ.
ഖദീജ ചോദിച്ചു: "ഭവാനെന്തുപറ്റി?"
വദിച്ചു മുസ്തഫാ ഹിറാവിശേഷങ്ങൾ
ശ്രവിച്ച മാത്രയിൽ പ്രിയതമൻതന്നെ
വിവേക ശാലിനി സമാശ്വസിപ്പിച്ചു:
"അഹിതമൊന്നുമേ വരുത്തുകയില്ല
മഹത്സേവ ചെയ്യും ഭവാന്നു തമ്പുരാൻ."
അവരിരുവരും പൊരുളറിയുവാൻ
അവിടെയുള്ളൊരു ക്രിസ്തീയ പണ്ഡിതൻ
'വറഖത്തെ' ക്കണ്ടു വിവരം ചോദിച്ചു.
പുരോഹിതൻ പൊരുളുണർത്തിയീവിധം:
"പരിഭ്രമിക്കേണ്ട, പരന്റെ സന്ദേശ-
പ്പൊരുളുകൾ പാരിൽ പ്രബോധനം ചെയ്വാൻ
നിയുക്ത ദൂതനാം മുഹമ്മദേ താങ്കൾ,

നിയതി നിശ്ചയം മഹാഭാഗ്യമല്ലോ.....!
ഗുഹാന്തരത്തിലെ മഹത്ത്വദർശനം
'വഹ്‌യാ'ണെന്നതു അറിഞ്ഞുകൊള്ളുക."
ധരണിയിൽ സത്യപ്രചരണം ചെയ്കെ
ദുരിത ദുഃഖങ്ങളനുഭവിച്ചിടും,
മറുത്ത ദുർജനം പെരുത്ത മർദനം
തിരിച്ചുവിട്ടിടും തിരസ്കരിച്ചിടും....!"
ഇടയ്ക്ക് മുസ്തഫ തിരക്കി സാദ്ഭുതം
"ഉടയവർ നാടു കടത്തിടുമെന്നോ?"
'അതെയതാണല്ലോ, ചിരപുരാതന
പതിവത്രെ'ന്നുതാനുരച്ചു പിന്നെയും:
"അവനിയിൽ ഞാനുമിരിപ്പതുണ്ടെങ്കിൽ
അവർക്കെതിരെ ഞാൻ തുണയ്ക്കും താങ്കളെ."
അറിഞ്ഞു കാര്യത്തിൻ കിടപ്പതൊക്കെയും
പിരിഞ്ഞിരുവരും സ്വഗേഹം പൂകിനാൻ

---

(വാർമതി = ഭംഗിയേറിയ അമ്പിളി. തനു = ശരീരം. തന്തുക്കൾ = അവയവ ബന്ധങ്ങൾ. ഉഴറി = ബന്ധപ്പെട്ടു. മൽസഖീ = എന്റെ കൂട്ടുകാരീ. തൃജ്ജഡം = തിരുശരീരം. പൂമാൻ = ശുദ്ധമാകുന്നവൻ (നബി). ഭവാൻ = അങ്ങുന്ന്. വദിച്ചു = പറഞ്ഞു. നിയതി = ദൈവം. സാൽഭുതം = അൽഭുതത്തോടുകൂടി. അവനി = ഭൂമി)

# വഹ്‌യിന്റെ രൂപം

വഹ്‌യ് എന്നാലെന്ത്? അല്ലാഹുവിങ്കൽനിന്ന് നബിമാർക്ക് അറിയിക്കുന്ന സന്ദേശം, അല്ലെങ്കിൽ അറിയിപ്പാണ് "വഹ്‌യ്." പല രൂപത്തിലും വഹ്‌യ് ലഭിക്കാറുണ്ട്. രണ്ടു മൂന്നു രൂപങ്ങൾ നമുക്ക് പഠിക്കാം:

1. ജിബ്‌രീൽ (അ) എന്ന മലക്ക് മനുഷ്യന്റെ ആകൃതി പൂണ്ട് പ്രത്യക്ഷനായി അല്ലാഹുവിന്റെ സന്ദേശം ഓതിക്കേൾപ്പിക്കുക.

2. ചിലപ്പോൾ നബി മലക്കിനെ പ്രത്യക്ഷത്തിൽ കാണുകയില്ല. പിന്നെയോ, മണിമുഴക്കംപോലെ ഒരു ശബ്ദം മാത്രം കേൾക്കും.

3. സ്വപ്നം മുഖേനയും നബിക്ക് വഹ്‌യ് ലഭിക്കുന്നു.

ആദ്യത്തെ രൂപത്തിലുള്ള വഹ്‌യ് ഏറ്റെടുക്കുവാൻ വളരെ എളുപ്പമാണ്. രണ്ടാമത്തെ രൂപത്തിലുള്ളത് ഏറ്റെടുക്കാൻ വലിയ പ്രയാസമാകുന്നു. അതായത്, വഹ്‌യറിയിക്കുമ്പോൾ തിരുമേനിക്ക് വലിയ ഞെരുക്കം അനുഭവപ്പെടുമായിരുന്നു. ശൈത്യകാലത്തുപോലും അവിടന്ന് വിയർത്തൊലിക്കാറുണ്ടായിരുന്നുവത്രേ!

മേൽപറഞ്ഞ രണ്ടു രൂപങ്ങളാണ് ഏറ്റവും പ്രധാനമായിട്ടുള്ളവ. വിശുദ്ധ ഖുർആൻ ജിബ്‌രീൽ മുഖേന നബിക്ക് ലഭിച്ചതാകുന്നു. എന്നാൽ, അൽബഖറ സൂറത്തിലെ അവസാന വചനങ്ങൾ അല്ലാഹു നേരിട്ടുതന്നെ നൽകിയതാണ്. മിഅ്റാജിന്റെ രാത്രിയിലാണ് ആ വചനങ്ങൾ നൽകിയത്. 'മിഅ്റാജ്' സംഭവം പിന്നീട് പഠിക്കാം.

ഖുർആനിൽനിന്ന് വല്ലതും അവതരിച്ചുകിട്ടിയാൽ തിരുമേനി അത് മനഃപാഠമാക്കും. എന്നിട്ട് അടുത്തുള്ള ശിഷ്യന്മാർക്ക് ഓതിക്കേൾപ്പിക്കും. അവരിൽ പലരും അത് കാണാപ്പാഠമാക്കും.

കൂടാതെ, തിരുമേനി അവിടത്തെ എഴുത്തുകാരെ വിളിച്ച് എഴുതിക്കുകയും അവരത് ഭദ്രമായി സൂക്ഷിച്ചുവെക്കുകയും ചെയ്തുവന്നു. ഈത്തപ്പനയുടെ മട്ടൽ, വെള്ളാരങ്കല്ല്, ശുദ്ധമായ എല്ല്, ഊറക്കിട്ട തോൽ മുതലായ വസ്തുക്കളിലാണ് അന്ന് ഖുർആൻ എഴുതിവെച്ചിരുന്നത്.

പിന്നീട് സഹാബിമാർ അവയൊക്കെ ശേഖരിച്ച് ഒറ്റപുസ്തകത്തിൽ ക്രമമായി എഴുതി സൂക്ഷിച്ചു. അങ്ങനെയാണ് ഒന്നാമത്തെ മുസ്ഹഫ് ക്രോഡീകരിച്ചത്.

*(ഇശൽ: കപ്പപ്പാട്ട് [അഖിലാണ്ഡ മണ്ഡലം അണിയിച്ചൊരുക്കി എന്ന ശീലിലും ചൊല്ലാം])*

അല്ലാഹു തന്റെ പ്രവാചകന്മാർക്ക്
അറിയിക്കും സന്ദേശം 'വഹ്യാ'ണ് കേൾക്ക്.
ചൊല്ലാം പരിശുദ്ധ ഖുറ്ആനതില്ലേ,
ചൊവ്വെ 'വഹ്യാ'യ് ലഭിച്ചതല്ലേ?
ഇല്ല ഒരാളും പെരിയോന് തുല്യൻ.
ഇല്ല; ഒരേടും ഖുർആനെ വെല്ലാൻ
ചൊല്ലാൻ പലതുണ്ട്; വഹ്യിൻ വിധങ്ങൾ
ചൊല്ലുന്നു തൽക്കാലം മൂന്നു വിധങ്ങൾ:

**ഒന്ന്**

മലക്ക് ജബ്റാഈൽ മാനുഷ വേഷം
മാറി ഉരചെയ്യും ദൈവസന്ദേശം
ഇല്ല, പ്രയാസപ്പെടാതുള്ള രൂപം
ഇത്തരം വഹ്യുകൾക്കല്ലോ സ്വരൂപം.

**രണ്ട്**

ചിലപ്പോൾ പ്രത്യക്ഷപ്പെടില്ല മലക്ക്
ചൊൽത്തുള്‍കൾ കേൾപ്പിച്ച് പോവും ശരിക്ക്.
വലിയ മണിനാദം പോലെ ശ്രവിക്കും,
വളരെ പ്രയാസത്തിലിങ്ങേറ്റെടുക്കും.
അലിവേറും 'ത്വാഹാ' മനഃപാഠമാക്കും,
അനുയായിസംഘത്തിനോതിക്കൊടുക്കും.
പിന്നെ ഗുമസ്തഗണത്തെ വിളിക്കും
പാകത്തിലെല്ലാമെഴുതിച്ചു വെക്കും.
ഈന്തപ്പനത്തണ്ട്, വെള്ളാരം കല്ല്,
ഈടുറ്റ ചർമം, വെടിപ്പുള്ള എല്ല്
എന്നീ വസ്തുക്കളിൽ ലേഖനമാക്കും
ഏറിയ ശിഷ്യന്മാർ ശ്രദ്ധിച്ചു കേൾക്കും.
പിന്നീടതൊക്കെയുമൊന്നിച്ചുചേർത്തു
പ്രഥമ 'മുസ്ഹഫ്' ക്രോഡീകരിച്ചു.

**മൂന്ന്**

**വഹ്‌യിന്ന് വേറെയുമുണ്ടൊരു രൂപം**
**വെളിവായിക്കാണുന്ന സ്വപ്നസ്വരൂപം.**
**ബഹുമാനപ്പെട്ട റുസുലമ്പിയാക്കൾ**
**പാർക്കുന്ന സ്വപ്നങ്ങൾ തങ്കക്കിനാക്കൾ**
**മഹിമ അവയ്ക്കുണ്ട്, മഹാത്മ്യമുണ്ട്,**
**മാറ്റം വരാതുള്ള പൊരുളതുമുണ്ട്.**
**അഹിതങ്ങളല്ല, നിരർഥങ്ങളല്ല,**
**അവയൊന്നുമാഭാസ ദുഃസ്വപ്നമല്ല.....**

---

(ചൊവ്വെ = നേരെ, വളവൊന്നും കൂടാതെ. വെല്ലാൻ = വിജയിക്കാൻ. ചൊൽത്തുൾകൾ = കൽപനകൾ. സ്വരൂപം = ഇഷ്ടമുള്ള രൂപം, സ്വഭാവം. പാർക്കുക = കാണുക. ഗുമസ്തഗണം = എഴുത്തുകാരുടെ കൂട്ടം. ഈടുറ്റ = ഉറപ്പുള്ള. ചർമം = തോൽ. പൊരുൾ = അർഥം, വാഖ്യാനം. അഹിതങ്ങൾ = അനിഷ്ടങ്ങൾ. നിരർഥങ്ങൾ = അർഥമില്ലാത്തവ.)

# നബിയുടെ ആഗ്രഹം

ഹിറാ ഗുഹയിൽവെച്ച് നബി(സ)ക്ക് വഹ്‌യ് ലഭിച്ചതിനു ശേഷം, കുറച്ച് കാലത്തേക്ക് 'വഹ്‌യ്' പറ്റെ നിന്നുപോയി. തിരുമേനിയുടെ അടുത്ത് ജിബ്‌രീൽ വന്നില്ല; ഖുർആൻ അവതരിച്ചതുമില്ല.

എന്തായിരിക്കും അതിനു കാരണം? തിരുമേനിക്ക് വഹ്‌യിനോട് ആഗ്രഹം ജനിപ്പിക്കലും തിരുനബിയുടെ ജിജ്ഞാസ തട്ടിയുണർത്തലുമായിരിക്കാം.

'വഹ്‌യ്' ലഭിച്ചാൽ കൊള്ളാമെന്ന് തിരുമേനിക്ക് ആഗ്രഹം തോന്നി. വിഷമകരമാണെങ്കിലും ആനന്ദകരമായ ഒരനുഭവമായിരുന്നു വഹ്‌യ് അവതരണം.

തിരുനബി(സ) വിജനസ്ഥലങ്ങളിലും മലയുടെ താഴ്‌വാരങ്ങളിലും ചെന്ന് ആലോചനയിൽ മുഴുകിനിൽക്കുന്നതു കാണാം. പക്ഷേ, വഹ്‌യിന്റെ ലക്ഷണമൊന്നും കണ്ടില്ല. അവസാനം നബിക്ക് വളരെ നിരാശതോന്നി....!

ഒരു ദിനം പകലോനുദിച്ചുയർന്നു. തിരുദൂതൻ എവിടേക്കോ നടന്നുപോവുകയാണ്. വഴിയിൽ വെച്ച് ഒരു ശബ്ദം കേട്ടു. ചെകിടു പൊട്ടിയടയ്ക്കുമാറുള്ള ശബ്ദം! നബി(സ) തലയുയർത്തിനോക്കി. ഗുഹയിൽ വെച്ചുകണ്ട സത്വമതാ ആകാശത്തിൽ കസേരയിട്ടിരിക്കുന്നു. തിരുമേനി വല്ലാതെ പേടിച്ചു. തിരുശരീരം വിറപൂണ്ടു. വേഗം സ്വഗൃഹത്തിലേക്കുതന്നെ മടങ്ങി. വല്ലാത്ത ക്ഷീണവും അനുഭവപ്പെട്ടു. അവിടന്ന് മുമ്പെന്നപോലെ ഖദീജാബീവിയോടു വിളിച്ചുപറഞ്ഞു:

"പുതച്ചുതരൂ, പുതച്ചുതരൂ!" ഖദീജാബീവി പുതച്ചുകൊടുത്തു. ഏതാനും നിമിഷം കഴിഞ്ഞു. അൽപമൊരാശ്വാസം തോന്നി. ബീവി തിരക്കി:

"എന്തുപറ്റി? വല്ല സുഖക്കേടുമാണോ?" "സുഖക്കേടല്ല, ആ സത്വം വീണ്ടും വന്നിരിക്കുന്നു. ഹിറാഗുഹയിൽ വെച്ചുകണ്ട അതേ സത്വം! ഞാൻ വല്ലാതെ ഭയന്നുപോയി!" നബി(സ) വളരെ വിഷമിച്ചു പറഞ്ഞു. ഖദീജാബീവി തീരെ ബേജാറായില്ല. അവർ ഉള്ളാലെ സന്തോഷിച്ചു. ബീവി ഭർത്താവിനെ സമാധാനിപ്പിച്ചു: "ഭയപ്പെടാനൊന്നുമില്ല!"

തുടർന്ന് ഖുർആൻസൂക്തങ്ങൾ അടിക്കടി ഇറങ്ങാൻ തുടങ്ങി. അവയിൽ ഗൗരവമേറിയ പല കൽപനകളുമുണ്ടായിരുന്നു. മതപ്രബോധനത്തിന്നുള്ള കൽപന അക്കൂട്ടത്തിലൊന്നായിരുന്നു.

വഴിപിഴച്ചു നടക്കുന്ന ജനങ്ങളെ സന്മാർഗത്തിലേക്ക് ക്ഷണിക്കുവാനും അതുവഴി അല്ലാഹുവിന്റെ ദീൻ ഭൂമുഖത്ത് സ്ഥാപിക്കുവാനും റസൂൽ (സ) ആജ്ഞാപിക്കപ്പെട്ടു.

*(ഇശൽ : മറുകടൽ)*
*(അറേബ്യയിലൊരുകാലം)*

ഹിറാമാളമതിൽ വെച്ചു ലഭിച്ചില്ലേ ആദ്യം
ഹിദായത്ത് നബിക്കേവം പഠിച്ചില്ലേ?
കുറെകാലമതിൻ ശേഷമണഞ്ഞില്ല - ജിബ്രീൽ
ഖുർആനും നബിക്കവതരിച്ചില്ല!
നിരവധി ദിനരാത്രം കഴിഞ്ഞല്ലോ - പിന്നെ
നവാനുഭൂതിയോടിമ്പം കവിഞ്ഞല്ലോ.
തിരുദൂതർ പലേടത്തും നിരൂപിച്ചു - നിൽക്കും
തിരുവരുൾ വരുന്നതും പ്രതീക്ഷിച്ചു.
അരുളൊന്നും സമർപ്പിക്കപ്പെടുന്നില്ല - പാരം
അകം നൊന്തിട്ടിരിപ്പന്യേ ഗതിയില്ല!
പതിവുപോൽ പകലവനുദിക്കുന്നെ - ദൂതർ
പുരവിട്ട് നടക്കാനായിറങ്ങുന്നെ.......
പഥികനായ്, നടക്കുമ്പോളൊരു ശബ്ദം - കർണ
പുടം ഭേദിച്ചിടുമാറുള്ളൊരു നാദം!
അതാ കേൾക്കുന്നവിടേക്കു തിരിയുന്നു-വാനിൽ
അഹോ! ജിബ്രീൽ കസേരയിട്ടിരിക്കുന്നു!
പരിഭ്രമിച്ച 'ബുൽഖാസിം' തിരിച്ചാനെ - വേഗം
പുരയ്ക്കകം കടന്നു താൻ കിടന്നാനെ.
വിറപൂണ്ടു; ഖദീജയോടുരക്കുന്നെ - എന്നെ
പുതപ്പിക്കൂ; മമദേഹം തളരുന്നെ
അരക്ഷണം റസൂലിനെ പുതപ്പിച്ചു-തന്റെ
അരിമപ്പൂ മണവാട്ടി സുഖിപ്പിച്ചു
തിരക്കുന്നു ഖദീജ തൻ പതിയോട്-വല്ല
തരത്തിലും ഭവാനേറ്റോ ഗതികേട്
"ഗുഹതന്നിൽ നിരീക്ഷിച്ച മലക്കുണ്ട്-വാനിൽ
കസേരയിട്ടിരിക്കുന്നു; അഹം കണ്ട്"
അഹ്മദ് നബിയുടെ മൊഴികേട്ടു-ബീവി
അതിമാത്രം രസിച്ചു, പുഞ്ചിരിപൂണ്ടു!
മഹാനരാം റസൂലുല്ലാക്കനന്തരം-നൽകി

മതപ്രബോധന സൂക്തം സവിസ്താരം....
ഇഹലോകത്തൊരേവഴി നടപ്പാക്കാൻ–ഏക
ഇലാഹിന്റെ മഹത്ത്വങ്ങളുറപ്പിക്കാൻ....!

---

(ദിനരാത്രം = രാവും പകലും. അബുൽഖാസിം = ഖാസിമിന്റെ ഉപ്പ (നബി (സ)). അരക്ഷണം = വേഗത്തിൽ. പതി = ഭർത്താവ്. അഹം = ഞാൻ.)

# അറേബ്യയുടെ പൊതുസ്ഥിതി

ക്രിസ്താബ്ദം ആറാം നൂറ്റാണ്ട്.

എന്തായിരുന്നു അന്നത്തെ അറബികളുടെ പൊതുസ്ഥിതി?

അനേകം ദുർനടപ്പുകളും ദുരാചാരങ്ങളും അറേബ്യയിൽ നടമാടിയിരുന്നു. സന്മാർഗത്തിന്റെ യാതൊരു വെളിച്ചവും അവർ കണ്ടിരുന്നില്ല. ഏകനായ അല്ലാഹുവാണല്ലോ എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചുണ്ടാക്കിയത്. ഈ സത്യം അറബികളും സമ്മതിച്ചിരുന്നു. എന്നാൽ അല്ലാഹുവിനെയല്ല അറബികൾ ആരാധിച്ചിരുന്നത്; കോടിക്കണക്കായ കള്ളദൈവങ്ങളെയായിരുന്നു.

മക്കയിൽ സ്ഥിതിചെയ്യുന്ന പരിശുദ്ധ 'കഅ്ബ'യെപ്പറ്റി നിങ്ങൾ പഠിച്ചുവല്ലോ. അല്ലാഹുവിനെ മാത്രം ആരാധിക്കാനായി നാലായിരം കൊല്ലം മുമ്പ് ഇബ്റാഹീം നബി(അ) നിർമിച്ചതാണത്. എന്നാൽ പ്രസ്തുത കഅ്ബയിൽ അറബികൾ അല്ലാഹുവിനല്ല ഇബാദത്ത് ചെയ്തിരുന്നത്. പിന്നെയോ, കല്ലുകൊണ്ടും മറ്റും നിർമിച്ച ബിംബങ്ങൾക്കായിരുന്നു. കഅ്ബയിൽ മുന്നൂറ്ററുപതു ബിംബങ്ങളെ അറബികൾ കുടിവെച്ചിരുന്നു. ജീവനില്ലാത്ത, വിളിച്ചാൽ കേൾക്കാത്ത അവയെയായിരുന്നു അറബികൾ ആരാധിച്ചുവന്നിരുന്നത്. ഇതുപോലെ, അവർ, മരിച്ചുമൺമറഞ്ഞ മനുഷ്യരെ വിളിച്ചു പ്രാർഥിക്കുകയും ചെയ്തുവന്നു.

മാമൂൽമതമായിരുന്നു അറബികളുടെ മതം. എന്താണ് മാമൂൽമതം? കാക്കക്കാരണവന്മാരായ മുൻകഴിഞ്ഞ ആളുകൾ സ്വീകരിച്ചുപോന്ന 'ജീവിതരീതി' – അതിനാണ് 'മാമൂൽമതം' എന്നുപറയുന്നത്. അറബികളുടെ മാമൂൽമതത്തിൽ കണക്കില്ലാത്ത ദുർനടപ്പുകളുണ്ടായിരുന്നു. അതിൽ ചിലതു പറയാം.

ഏതെങ്കിലും വസ്തുക്കളുടെ രൂപങ്ങൾ കൊത്തിയുണ്ടാക്കി, അവയെ പൂജിക്കുക, അവയ്ക്ക് നേർച്ചകളും വഴിപാടുകളും കൊടുക്കുക, മരിച്ചുപോയ മനുഷ്യരുടെ ശവകുടീരങ്ങൾ കെട്ടിപ്പൊക്കി അവിടെ ആണ്ടറുതികളും ഉത്സവങ്ങളും നടത്തുക. ഇതിനു പുറമേ വ്യഭിചാരം, കള്ളുകുടി, ചൂതുകളി, മന്ത്രവാദം, പലിശമുതൽ തിന്നൽ, ശവമാംസം ഭക്ഷിക്കൽ എന്നീ ദുർവൃത്തികളും അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. കൊല, കൊള്ള, കളവ്, പിടിച്ചുപറി, സ്വന്തം പെൺമക്കളെ ജീവനോടെ കുഴിച്ചുമൂടൽ എന്നീ അക്രമങ്ങളും അവർ ചെയ്തുവന്നു.

മനുഷ്യവർഗത്തെ അവർ രണ്ടു ജാതികളായി തിരിച്ചു. ഒന്ന്: തറവാടുള്ളവർ(കുലീനർ). രണ്ട്: തറവാടില്ലാത്തവർ (കുലഹീനർ). തറവാടുള്ളവർ,

തറവാടില്ലാത്തവരെ നാനാവിധത്തിലും ദ്രോഹിച്ചുവന്നു. ചുരുക്കിപ്പറഞ്ഞാൽ, 'കൈയൂക്കുള്ളവൻ കാര്യക്കാരൻ' എന്ന മട്ടായിരുന്നു അറേബ്യയിൽ. യാതൊരു നിയമവ്യവസ്ഥയും അവിടെ ഉണ്ടായിരുന്നില്ല. ഏറ്റവും വലിയ അരാജകത്വം!

ഈ പരിതഃസ്ഥിതിയിലാണ് ലോകാനുഗ്രഹിയായ മുഹമ്മദ് മുസ്തഫ (സ) അന്ത്യപ്രവാചകനായി അയയ്ക്കപ്പെട്ടത്. നബി(സ) അവർക്ക് നൽകിയ ഉപദേശം ചുരുക്കത്തിൽ ഇതായിരുന്നു:

"അല്ലാഹുവാണ് നമ്മുടെ നാഥൻ. നാമൊക്കെ അവന്റെ അടിമകളും ദാസന്മാരുമാകുന്നു. നാം അവന്റെ കൽപനകൾ പൂർണമായും അനുസരിക്കണം. അവനു മാത്രം ഇബാദത്ത് ചെയ്യണം. അടിമകൾക്ക് അല്ലാഹുവിന്റെ കൽപനകൾ എത്തിക്കുവാൻ വന്ന അന്ത്യപ്രവാചകനാണ് ഞാൻ. നിങ്ങൾ ദൈവഭക്തിയുള്ളവരാകുക, എന്നെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുക."

*(ഇശൽ: രണ്ടാംസ്തുതി അഥവാ ഉറപ്പിപ്പാനരുൾ കേട്ട്)*

അറേബ്യയിലനേകം ദുർന്നടപ്പുകൾ പകർന്നു,
അനാചാരക്കരിമുകിലതിമാത്രം പടർന്നു!
പരമ്പുരാനവനെ സർവരും പരിത്യജിച്ചു;
പരകോടി നിഷിദ്ധ റബ്ബുകളെ കൈവിരിച്ചു!
ഒരു മുന്നൂറ്ററുപതു 'ഇലാഹ'ണിനിരന്നു,
ഉടയവന്നെതിരെ തൻ കഅ്ബത്തിൽ കടന്നു.
മരിച്ചു മൺമറഞ്ഞോരെ വിളിച്ചു പ്രാർഥനകൾ
മുറപോലെ നടത്തി, മൂഢരാം ജനതതികൾ
പിതാക്കന്മാരുടെ മാമൂൽമതം കെട്ടിപ്പുണർന്നു;
പുരോഹിതരതിനൊത്ത നടപടി തുടർന്നു.....!
പ്രതിമകൾ പ്രതിഷ്ഠിച്ചു, വഴിപാടു കൊടുത്തു,
പ്രസാദം കൈവരുത്തുവാൻ ഖബ്ർ പൂജയെടുത്തു.
അതുപോലെ, ദുരാചാരച്ചടങ്ങുകളനേകം
അറേബ്യൻ സന്തതികളിലുറപ്പിച്ച വിഭാഗം
പതിവായി, വ്യഭിചാരാഭിചാരാദി കലകൾ
പലിശ ഭോജനം, കള്ളുകുടി, ചൂതുകളികൾ,
കൊല, കൊള്ള, ശിശുഹത്യ, കളവാദി വിനകൾ
ഖബീലകൾ പരസ്പരം നശിപ്പിക്കും പകകൾ.
കുലഹീനർ, കുലീനരെന്നിരുജാതി തിരിച്ചു;
കുലീനന്മാർ കുലഹീന വിഭാഗത്തെ ഹനിച്ചു!

ബലപ്രയോഗവും കൈയൂക്കതും കൊണ്ടു ജനത്തെ
ബലാൽക്കാരമടിച്ചമർത്തിയും നാശം പെരുത്തോ
നടപ്പില്ല, അറേബ്യയിലൊരു നീതി വ്യവസ്ഥ
നിറഞ്ഞരാജകത്വം, ഹാ! ദയനീയമവസ്ഥ
പടച്ചവന്നരുൾപോലെ മുഹമ്മദീ സ്ഥിതിയിൽ
പടപ്പുകൾക്കനുഗ്രഹമതായ് വന്നു ക്ഷിതിയിൽ.
"ഉടയോന്റെ വിധിക്കൊത്ത് നടക്കേണമടിമ,
ഒരിക്കലും നമുക്കില്ല അവനല്ലാതുടമ.
അടിമകൾക്കിലാഹിന്റെ വിധിയെത്തിച്ചിടുവാൻ
അയച്ച ദൂതനത്രെ ഞാന"റിയിച്ചു നബിതാൻ!

(കരിമുകിൽ = കറുത്ത മേഘം. പ്രസാദം = അനുഗ്രഹം. ആദി = മുതലായവ. ഖബീലകൾ = ഗോത്രങ്ങൾ. ആഭിചാരം = മാരണം, മന്ത്രവാദം. ഹനിച്ചു = കൊന്നു. ക്ഷിതിയിൽ = ഭൂമിയിൽ.)

# രഹസ്യമായ പ്രബോധനം

നബി (സ) വളരെ രഹസ്യമായിട്ടാണ് മതപ്രബോധനമാരംഭിച്ചത്. അത് എന്തുകൊണ്ടാണെന്നറിയാമോ?

ജനങ്ങളുടെ എതിർപ്പിനെ ഭയന്നതുകൊണ്ടുതന്നെ. മക്കാ നഗരത്തിലെ കിരീടംവെയ്ക്കാത്ത രാജാക്കന്മാരായിരുന്നല്ലോ ഖുറൈശി പ്രമാണികൾ! ബിംബാരാധനയ്ക്കെതിരായ പുതിയ മതത്തെ ഖുറൈശികൾ എതിർക്കുമെന്നുള്ള കാര്യം തീർച്ചയാണ്. തിരുമേനിക്കിതു നല്ലവണ്ണം അറിയാമായിരുന്നു. അതുകൊണ്ട് വളരെ രഹസ്യമായ നിലയിൽ അവിടന്ന് മതപ്രബോധനം തുടങ്ങിവെച്ചു.

ആരെയൊക്കെയാണ് നബി(സ) ആദ്യമായി ഇസ്ലാമിലേക്ക് ക്ഷണിച്ചത്? ഒന്നാമതായി സ്വന്തം വീട്ടുകാരെയും രണ്ടാമതായി ഉറ്റസ്നേഹിതന്മാരെയും. ആരൊക്കെയാണ് ആദ്യമായി ഇസ്ലാം സ്വീകരിച്ചത്?

1. നബി(സ)യുടെ പത്നി ഖദീജ (റ) 2. നബിയുടെ പോറ്റുമകൻ സൈദുബ്നു ഹാരിസ (റ) 3. അബൂത്വാലിബിന്റെ മകൻ അലി(റ). ഇദ്ദേഹം എട്ടോ ഒമ്പതോ വയസ്സായ കുട്ടിയായിരുന്നു. സൈദും അലി(റ)യും തിരുനബിയുടെ കൂടെയാണ് പാർത്തുവന്നത്.

4. തിരുനബിയുടെ ഉറ്റ സ്നേഹിതനും ഖുറൈശിപ്രമാണികളിൽ ഒരാളുമായ അബൂബക്കർ (റ). മക്കയിൽ പേരും പെരുമയുമുള്ള ധനികനും ധർമിഷ്ഠനുമായിരുന്നു അബൂബക്കർ (റ). അബൂബക്കറി(റ)ന്റെ മതംമാറ്റം നബിക്കൊരു താങ്ങും തണലുമായി ഭവിച്ചു. അബൂബക്കറി(റ)ന്റെ പ്രബോധനഫലമായി കുറെ പേർ ഇസ്ലാമിലേക്ക് വന്നു. അവരിൽ ചിലരുടെ പേരുകൾ നമുക്ക് പഠിക്കാം.

ഉസ്മാനുബ്നു അഫ്ഫാൻ, സുബൈറുബ്നുൽ അവ്വാം, ത്വൽഹത്തുബ്നു ഉബൈദില്ല, അബ്ദുർറഹ്മാനിബ്നു ഔഫ്, സഅ്ദുബ്നു അബീവഖാസ്(റ).

ഇവരെക്കൂടാതെ വേറെ ചിലരും ആ ഘട്ടത്തിൽ മുസ്ലിംകളായിട്ടുണ്ട്. അക്കൂട്ടത്തിൽ ചില സ്ത്രീകളുമുൾപ്പെടുന്നു. അവരെപ്പറ്റി നമുക്ക് പിന്നീടു പഠിക്കാം. പുതുവിശ്വാസികൾക്ക് ദീനിന്റെ അടിസ്ഥാനകാര്യങ്ങൾ തിരുനബി(സ) പഠിപ്പിച്ചുകൊടുത്തു. അതുപ്രകാരം നമസ്കാരം പോലുള്ള ഇസ്ലാമിക മുറകൾ അവർ പഠിച്ചു. എന്നാൽ ഇതെല്ലാം നിർവഹിച്ചിരുന്നത് വളരെ രഹസ്യമായിട്ടായിരുന്നു.

*(ഇശൽ: ഒപ്പന ചായൽ)*
*(പൊന്നിലും പുന്നാരമിൽ തെളിവായി.....)*

നബി തൻ പ്രബോധനം
രഹസ്യമായ് ചെയ്തുതുടങ്ങി.
നവമാർഗം പുൽകുവാൻ ചില-
രൊക്കെ രംഗത്തേക്കിറങ്ങി.
സുബ്ഹാനവന്റെ ദീനി-
ലാദ്യമായ് ഖദീജ വന്നു,
സൈദുബ്നു ഹാരിസത്തും
കൂടെ ഹൈദറും തുടർന്നു.
അഭിവന്ദ്യനായകൻ മിത്ര-
ജനത്തെയും ക്ഷണിച്ചു.
അവരിൽ ചില സാത്വികന്മാർ
തൽക്ഷണമംഗീകരിച്ചു!
അബൂബക്കർ മക്കയിൽ
പേരും പെരുമയാർന്ന കേമൻ
ആദ്യത്തിൽതന്നെ സത്യ-
ദീൻ പുണർന്ന സാർവ ഭൗമൻ.
അദ്ദേഹം തന്റെ തോഴ-
ന്മാർക്കിടയിൽ സഞ്ചരിച്ചു,
അവധാനത്തോടെ സത്യ-
ദീനിലേക്കവരെ ക്ഷണിച്ചു.
അതിനാലിസ്ലാമിൽവ-
ന്നുസ്മാനും ത്വൽഹത്തും സുബൈറും
അബ്ദുർറഹ്മാനും സഅ്ദുബ്നു-
അബീവഖ്ഖാസ് പേരും
ഇതുപോലാരംഭഘട്ടത്തിൽ
പലരും ദീൻ പുണർന്നു....!
ഇവരിൽ ചില മാനിനി
ജനങ്ങളുമുൾപ്പെട്ടിരുന്നു.
ഓതിടാം, രഹസ്യമായ്
നടത്തി നമസ്കാരമന്ന്
ആറ്റലർ സ്വഹാബികൾ
മക്കാ ഖുറൈശോരെ ഭയന്ന്.

(സാത്വികന്മാർ = നന്മയുള്ളവർ. തൽക്ഷണം = ആ ക്ഷണം. പെരിമയാർന്ന = ശ്രേഷ്ഠതയുള്ള. സാർവ ഭൗമൻ = ലോകം മുഴുവൻ കേൾവികേട്ടവൻ. അവധാനത്തോടെ = ശ്രദ്ധയോടെ. മാനിനി ജനം = മാനമുള്ള സ്ത്രീകൾ.)

# പരസ്യമായ പ്രബോധനം

തിരുനബി മൂന്നു വർഷം രഹസ്യമായി മതപ്രബോധനം നടത്തി. അക്കാലത്ത് ഖുറൈശികളിൽനിന്ന് കാര്യമായ എതിർപ്പൊന്നുമുണ്ടായില്ല. എന്നാൽ, രഹസ്യമായ പ്രവർത്തനംകൊണ്ട് ഒരു ജനസമൂഹത്തെ നന്നാക്കുവാൻ കഴിയുകയില്ലല്ലോ. അതിനാൽ, തുറന്ന മതപ്രബോധനത്തിനുള്ള കൽപന വന്നു. അല്ലാഹു ആജ്ഞാപിച്ചു:

"കൽപിക്കപ്പെടുന്ന കാര്യം തുറന്നുപറയുക."

ഇതനുസരിച്ച് തിരുദൂതർ പരസ്യമായ മതപ്രബോധനത്തിന് പൊതുരംഗത്തേക്കിറങ്ങി. അതെങ്ങനെയെന്ന് വിവരിക്കാം.

സൂര്യൻ പതിവുപോലെ ആകാശത്തുദിച്ചുയർന്നു. ഇളം ചുവപ്പാർന്ന പ്രകാശത്തിൽ മക്കയിലെ മണൽക്കാട് തിളങ്ങി. തിരുനബി അവിടെയുള്ള സ്വഫാ കുന്നിന്റെ മുകളിൽ കയറി അത്യുച്ചത്തിൽ വിളിച്ചു: അല്ലയോ ഖുറൈശികളേ. (വല്ല ശത്രുഗോത്രവും കൊള്ളയടിക്കാൻ വന്നാൽ ആ വിവരം നാട്ടുകാരെ ഉടൻ അറിയിക്കുവാൻ സഫാകുന്നിന്മേൽ കയറി അത്യുച്ചത്തിൽ വിളിച്ചുകൂവുന്നത് ഖുറൈശികൾ പണ്ടുമുതലേ തുടർന്നുവന്ന സമ്പ്രദായമായിരുന്നു.)

തിരുമേനിയും ആ തന്ത്രംതന്നെ പ്രയോഗിച്ചു. അവിടത്തെ വിളികേട്ട് ജനങ്ങളെല്ലാം ഓടിയെത്തി. അക്കൂട്ടത്തിൽ മക്കയിലെ മിക്ക നാട്ടുമൂപ്പന്മാരുമുണ്ടായിരുന്നു.

കൊള്ളസംഘത്തെക്കുറിച്ച മുന്നറിയിപ്പായിരുന്നില്ല തിരുമേനിയുടെ ലക്ഷ്യം! പിന്നെയോ, അല്ലാഹു തന്നിലേൽപിച്ച പ്രബോധനകൃത്യം പരസ്യമാക്കലായിരുന്നു. വന്നവരെല്ലാം സ്വഫാ കുന്നിന്റെ താഴ്‌വരയിൽ ഒന്നിച്ചുകൂടി. എന്താണ് മുഹമ്മദ് പറയാൻ പോകുന്നതെന്നറിയാൻ അവർ ചെവിയോർത്തു.

"അല്ലയോ ഖുറൈശി സമൂഹമേ, ആദ്യമായി ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ. നിങ്ങൾ മറുപടി പറയുമോ?" – തിരുദൂതർ ചോദ്യമുന്നയിച്ചു: "ഈ മലയുടെ പിറകിൽ നമ്മളെ കൊള്ളയടിക്കാൻ ഒരു ശത്രുസൈന്യം വന്നുനിൽപുണ്ടെന്നു ഞാൻ പറഞ്ഞാൽ നിങ്ങളതു വിശ്വസിക്കുമോ?"

"തീർച്ചയായും, തീർച്ചയായും ഞങ്ങളതു വിശ്വസിക്കും. കാരണം, നാളിതുവരെ യാതൊരു പൊളിവാക്കും നീ പറഞ്ഞതായി ഒരുത്തനും പറഞ്ഞുകേട്ടിട്ടില്ല!" എല്ലാവരും സമ്മതിച്ചു.

"എങ്കിൽ ശ്രദ്ധിക്കുവിൻ: അല്ലാഹുവാണ് നമ്മുടെ നാഥൻ! അവൻ എല്ലാ പടപ്പുകൾക്കും അനുഗ്രഹം ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. ഓരോ വസ്തുവിന്നും അതിന്റെ ജീവിതമാർഗം കാട്ടിക്കൊടുത്തിരിക്കുന്നു. മനുഷ്യവംശത്തിന് അവന്റെ നേർമാർഗം കാട്ടിക്കൊടുക്കാനായി പ്രവാചകന്മാരെ അയക്കുക എന്നതും അവന്റെ പതിവിൽ പെട്ടതാണ്. നിങ്ങൾക്ക് ദൈവത്തിന്റെ സന്മാർഗം കാണിച്ചുതരുവാനായി എന്നെ അയച്ചിരിക്കുന്നു. ഞാൻ അന്ത്യപ്രവാചകനും റസൂലുമാകുന്നു."

ഇതുകേട്ട് ഖുറൈശികൾ സ്തംഭിച്ചുനിൽക്കേ, തിരുനബിയുടെ മൂത്താപ്പ അബൂലഹബ് ആക്രോശിച്ചു: "നാശം! ഇതിന്നാണോ, ഈ ബോറുകേൾക്കാനാണോ ഉപായത്തിൽ നീ ഞങ്ങളെ വിളിച്ചുകൂട്ടിയത്?"

ജനങ്ങളെല്ലാം പിരിഞ്ഞുപോയി. വളരെ നിരാശയോടുകൂടി നബി(സ) പതുക്കെ കുന്നിറങ്ങി വീട്ടിലേക്ക് നടന്നു.

***(വൃത്തം: മന്ദനട)***
***(മലരണിക്കാടുകൾ തിങ്ങിവിങ്ങി)***

അരുണാർക്കൻ മാനത്തുദിച്ചുപൊങ്ങി
മരുഭൂമണൽക്കാടൊളി വിളങ്ങി....!
തിരുനബി 'അസ്സ്വഫാ' കുന്നിലേറി
വിരവൊടുച്ചത്തിൽ വിളിച്ചുകൂവി....!
തിരുവിളി കേട്ടവരോടിയെത്തി,
ഖുറൈശികളേറെ പരിഭ്രമത്തിൽ
പുരിവമ്പർ കാതോർത്തു നിന്നു ചുറ്റിൽ
തിരുമേനി കാര്യമുണർത്തീമട്ടിൽ:
കളകളരാഗത്താൽ പാട്ടുപാടി
കിളികളാമോദത്തിൽ നൃത്തമാടീ.....!
"അറിവിൻ, ഒരു കാര്യമോതിടട്ടെ,
പറവിൻ മറുപടി കേട്ടിടട്ടേ:
ഗിരിപിമ്പിൽ നമ്മെയുമക്രമിക്കാൻ
ഒരു സേന നിൽപുണ്ട് – ഞാനുരത്താൽ
ശരിവെച്ചിടുമോ", ചോദിച്ചു തങ്ങൾ
"ശരിവെക്കും; അൽഅമീനല്ലോ താങ്കൾ!"
അജപറ്റം, തൽക്കാലം തീറ്റ നിർത്തി
'അജപാലന്റെ' നേരെ കണ്ണുയർത്തി!
"അഖിലം ചമച്ചു; സമർഥമായി
അഖിലേശൻ നൽകി, സന്മാർഗമായി

മനുജകുലത്തിന്റെ രക്ഷയായി.
തനതായ ദീനിനെ പൂർണമായി
നിയമങ്ങൾ കാട്ടിത്തരുവാനായി
നിയമിച്ചവനെന്നെ ദൂതനായി.
കുരുവിക്കിടാങ്ങൾ പറന്നകന്നു,
ഖുറൈശിത്തലവൻ സ്തംഭിച്ചുനിന്നു.
തലവനബൂലഹബ് ശപിച്ചു,
വലുതായ കോപത്തിലുച്ചരിച്ചു:
"ഇതിനാണോ നാശം മുഹമ്മദേ, താൻ
പതിതനും മ്ലേഛനുമായിടട്ടേ!
പുരുഷാരം പൊട്ടിച്ചിരിച്ചിറങ്ങി
തിരുദൂതർ ഹൃത്തടം വിങ്ങിവിങ്ങി....
വരുണനും മേഘക്കുട നിവർത്തി
തിരുനബിക്കിമ്പം തണലുചാർത്തി
കുളിർതെന്നൽ തന്റെ വിശറിവീശി
കുളിരേകി പൂമാൻ നടന്നുനീങ്ങി.

---

(അരുണാർക്കൻ = ഉദയസൂര്യൻ. ഒളി = ശോഭ. വിരവൊടു = വേഗത്തിൽ. പുരിവമ്പർ = നാട്ടുമൂപ്പന്മാർ. മരുഭൂമണൽക്കാട് = മരുഭൂമിയിലെ മണൽക്കാട്. ആമോദത്തിൽ = സന്തോഷത്തിൽ. ഗിരി = പർവതം, കുന്ന് (സ്വഫാമല). അജപറ്റം = ആട്ടിൻകൂട്ടം. അജപാലൻ = ആട്ടിടയൻ. (നബി(സ) മുമ്പ് ആട്ടിടയനായിരുന്നു എന്ന സൂചന.) അഖിലേശൻ = അല്ലാഹു. മനുജകുലം = മനുഷ്യകുലം. മ്ലേച്ഛൻ = അനാര്യൻ, അപരിഷ്കൃതൻ. പുരുഷാരം = ആൾക്കൂട്ടം. വരുണൻ = സൂര്യൻ. ഇമ്പം = ഇഷ്ടം. പൂമാൻ = പരിശുദ്ധൻ.)

# മർദനമുറകൾ (i)

നബിയും സഖാക്കളും കൂടി സത്യമതത്തിന്റെ കൈത്തിരി കത്തിച്ചു. അപ്പോൾ ആ സന്മാർഗ ദീപം ഊതിക്കെടുത്തുവാൻ ഖുറൈശിത്തലവന്മാർ ചട്ടം കെട്ടി. ഓരോ തറവാട്ട് തലവന്മാരും കഅ്ബയുടെ മേൽനോട്ടക്കാരും പൂജാരിമാരും ചട്ടമ്പിമാരും ഒത്തുകൂടി. അവർ തിരുനബിക്കെതിരായി അണിനിരന്നു. നബിയെ കഷ്ടപ്പെടുത്തുവാനുള്ള നാനാതരം സൂത്രങ്ങൾ ആലോചിച്ചുറച്ചു.

എന്തൊക്കെ അടവുകളാണ് അവർ എടുത്തതെന്നോ? പറയാം:

അവർ നബിയെ ചീത്തപ്പേരുകൾ വിളിച്ച് അപമാനിച്ചു. നബിയുടെ മേൽ പല നുണകളും പറഞ്ഞുപരത്തി. കുട്ടികളെക്കൊണ്ട് കൂക്കിവിളിപ്പിക്കുകയും കല്ലെറിഞ്ഞ് നൊമ്പരപ്പെടുത്തുകയും ചെയ്തു. തിരുശരീരത്തിൽനിന്ന് ചോരയൊഴുകി. തിരുമേനിയുടെ കഴുത്തിൽ ഒട്ടകത്തിന്റെ കുടൽമാല ചാർത്തി. അവിടത്തെ കഴുത്തിൽ മുണ്ടിട്ടു തള്ളിയിട്ടു. ഇങ്ങനെ അവർ മർദനങ്ങളുടെ ഒരു തീച്ചൂള തന്നെ നിർമിച്ചു. ആ കഥകൾ കേട്ടാൽ കരഞ്ഞുപോവും!

വിരോധികളുടെ കൂട്ടത്തിൽ അതിദുഷ്ടനാണ് ഹിശാമിന്റെ മകൻ അബൂജഹ്ൽ. അവന്ന് അതിനീചനായ ഒരു ചങ്ങാതിയുണ്ടായിരുന്നു. ഉഖ്ബത്ത് എന്നാണ് അവന്റെ പേർ. എന്തു നീചകൃത്യവും ചെയ്യാൻ മടിക്കാത്തവനാണ് ഉഖ്ബത്ത്.

ഒരു ദിവസം തിരുമേനി കഅ്ബയുടെ അരികിൽവെച്ച് നമസ്കരിക്കുകയായിരുന്നു. അബൂജഹ്ലിന്റെ കൽപനപ്രകാരം ഉഖ്ബത്ത് ഒരു ഒട്ടകക്കുടൽമാലയുമായി അവിടെ വന്നു. ചീഞ്ഞുനാറുന്ന ആ കുടൽമാല അവൻ തിരുമേനിയുടെ കഴുത്തിലിട്ടു.

തിരുമേനി സുജൂദിലായിരുന്നു. നബിക്ക് തലനിവർത്താൻ വയ്യാതായി. ഖുറൈശിപ്പോക്കിരികൾ ഇതുകണ്ട് കൈകൊട്ടിച്ചിരിച്ചു. നബി ശിരസ്സുയർത്താൻ കഴിയാതെ വളരെ വിഷമിച്ചു. സഹാബിമാർ ഈ കാഴ്ച കാണാതിരുന്നില്ല. പക്ഷേ ഖുറൈശിച്ചട്ടമ്പികളെ ഭയപ്പെട്ട് അവർ മുന്നോട്ട് ചെല്ലാൻ അറച്ചുനിന്നു. അവസാനം തിരുദൂതന്റെ ഓമനപുത്രി (ഫാത്തിമ) ഓടിയെത്തി ആ മാലിന്യം എടുത്തുമാറ്റി.

ഉഖ്ബത്ത് മറ്റൊരിക്കൽ ചെയ്ത ദ്രോഹമെന്താണെന്നോ? അവൻ തിരുദൂതരുടെ കഴുത്തിൽ മുണ്ടിട്ടു നിലത്തുവീഴ്ത്തി. "ഞാൻ നിന്നെ കൊല്ലും" – അവൻ ആക്രോശിച്ചു. പക്ഷേ, ഭാഗ്യത്തിന് അബൂബക്കർ (റ) അവിടെയെത്തി.

അദ്ദേഹം ഉഖ്ബത്തിനെ തള്ളിമാറ്റി നന്നായി കൈകാര്യം ചെയ്തു. അങ്ങനെ തിരുമേനി രക്ഷപ്പെട്ടു.

തിരുനബിയുടെ മൂത്താപ്പ അബൂലഹബും അയാളുടെ ഭാര്യ ഉമ്മുജമീലും നബിയുടെ കഠിന ശത്രുക്കളായിരുന്നു. നബിക്കെതിരായി ഏഷണി പറഞ്ഞു നടക്കുകയായിരുന്നു ഉമ്മുജമീലിന്റെ തൊഴിൽ. തിരുമേനി നടന്നുപോവുന്ന വഴികളിൽ മുള്ളും കുപ്പിച്ചില്ലുകളും മറ്റും വിതറുകയെന്നതും അവളുടെ പതിപാടിയായിരുന്നു. ഇങ്ങനെ എന്തെന്തു കഷ്ടപ്പാടുകളാണ് നബിനായകനും സഹാബത്തും സഹിച്ചതെന്നോ?

*വൃത്തം: മഞ്ജരി–ഗാഥ*
*(നാലു വയസ്സെത്തുവോളം തിരുനബി)*

മുത്തുറസൂലും സഖാക്കളും സത്യത്തി-
ന്നുത്തമക്കൈത്തിരി കത്തിച്ചപ്പോൾ
ഊതിക്കെടുത്തുവാൻ ഭൂതപ്പിശാചുക്ക-
ളോതിക്കൊടുക്കുന്നു ദുർന്നീതികൾ!
ഗോത്രനായകന്മാർ, കഅ്ബത്തിൻ പാലന്മാർ
സൂത്രധാരന്മാർ, പുരോഹിതന്മാർ
കഷ്ടം, പലപല ഗൂഢതന്ത്രങ്ങളും
നിഷ്ഠുര മർദനരീതികളും
ചീത്തപ്പേരുകൾ വിളിച്ചപമാനിച്ചു
സത്യസാരഥി സർവം സഹിച്ചു.
കുട്ടികളെക്കൊണ്ടു കൂക്കിവിളിപ്പിച്ചു,
കെട്ടിച്ചമയ്ക്കുന്നപവാദങ്ങൾ,
കല്ലേർ നടത്തുന്നു, രക്തമൊഴുക്കുന്നു
കല്യാണരൂപന്റെ മെയ്യിൽ നിന്നും.
എന്നെന്നും മർദനത്തീച്ചൂള കത്തിച്ചു.
ഉന്നതപ്പോക്കിരി ദുഷ്ടസംഘം
ശത്രുസമൂഹത്തലവനബൂജഹ്ൽ
എത്രയും നീചനാം ക്രൂരനുമാം.
ദുഷ്ടന്നുപദേശത്താലുഖ്ബത്തെന്ന
നിഷ്ഠുരൻ ചെയ്തുള്ള ക്രൂരകൃത്യം!
ലോകശ്ശിരോമണി കഅ്ബത്തിങ്കൽച്ചെന്ന്
ലോകനാഥനെ നമിച്ചിടുമ്പോൾ
നാറുന്നൊരൊട്ടകത്തിന്റെ കുടൽമാല
വീറോടെ ചാർത്തുന്നു തൃക്കഴുത്തിൽ.

ഒട്ടും ശിരസ്സൊന്നുയർത്താൻ കഴിയാതെ
ഒട്ടേറെ നോവു സഹിച്ചിടുന്നു....!
പുണ്യസഹാബാക്കൾ കണ്ടമ്പരക്കുന്നു,
മുന്നോട്ടു ചെല്ലാൻ ഭയന്നിടുന്നു!
ആരെടാ, എന്തെടാ, ആർത്തുവിളിച്ചതാ,
ആരോമൽ പുത്രിയുമോടിയെത്തി.....
ഒട്ടേറെ ഭാരമുണ്ടേലും- ബീഫാത്വിമ
ഒറ്റക്കാമാലിന്യം പൊക്കിമാറ്റി.....!!
ചട്ടമ്പിമാരെല്ലാം ഓടിയൊളിക്കുന്നു
തണ്ടനബൂജഹ്ൽ സ്തംഭിക്കുന്നു!
കണ്ടകൻ മറ്റൊരു വേളയിൽ ത്വാഹാവിൻ
കണ്ഠത്തിൽ മുണ്ടിട്ടു തള്ളിവീഴ്ത്തി.
കൊല്ലും ഞാൻ നിന്നെയെന്നാക്രോശിച്ചീടവെ,
മല്ലനെ സിദ്ധീഖങ്ങുന്തിമാറ്റി.
'ഉമ്മുജമീലെ'ന്നബൂലഹബിൻ പത്നി
ഒത്തിരി ദ്രോഹങ്ങൾ ചെയ്തുവന്നു....!
ഏഷണി കൂട്ടി കലഹാഗ്നി കത്തിച്ചു
ഏശീല ദൂതർക്കും വംശത്തിനും.
വാരുറ്റ പൂമാൻ നടന്നിടും പാതയിൽ
വാരിവിതറുന്നു ചില്ലും മുള്ളും.
ഇങ്ങനെയെന്തെന്തു മർദനരീതികൾ
അന്നാ കാഫിർകുലം ചെയ്തുവെന്നോ?
എല്ലാം സഹിച്ചവർ ദീനിന്റെ മാർഗത്തിൽ
തെല്ലും പതറാതുറച്ചുനിന്നു....

---

(കല്യാണരൂപൻ = കോമളരൂപത്തോടുകൂടിയവൻ (നബി). തണ്ടൻ = ഡംഭുള്ളവൻ. കണ്ടകൻ = ദുഷ്ടൻ, വാരുറ്റ = ഭംഗിയുള്ള, മഹത്ത്വമുള്ള)

# മർദനമുറകൾ (ii)

അന്ധകാരംനിറഞ്ഞ അറേബ്യാമരുഭൂമിയിൽ നബി സത്യമാകുന്ന ദീപം കൊളുത്തി. എന്നാൽ, അന്ധവിശ്വാസികളായ അറബികളിൽ അധികപേർക്കും ആ പ്രകാശത്തിൽ നേർമാർഗം കാണാൻ കഴിഞ്ഞില്ല. നിർഭാഗ്യംതന്നെ! മക്കയിലെ കാഫിറുകൾ സത്യദീനിനെ എതിർത്തു തോൽപിക്കുവാൻ തന്നെ തീർച്ചപ്പെടുത്തി. അതിനായി പല നെറികെട്ട അടവുകളും അവരെടുത്തു. പുതുവിശ്വാസികളിൽ അധികവും അടിമകൾ, അടിമസ്ത്രീകൾ, ദരിദ്രന്മാർ, സാധുക്കൾ എന്നിവരായിരുന്നു. ഈ പാവങ്ങളെ ഇസ്‌ലാമിൽ നിന്ന് തെറ്റിക്കുകയായിരുന്നു മക്കാകാഫിറുകളുടെ ഒന്നാമത്തെ അടവ്. അതിനായി അവർ പരീക്ഷിക്കാത്ത മർദനമുറയൊന്നും ബാക്കിയില്ല.

അടിയാൻമാരും അടിയാത്തികളും തമ്പുരാക്കളുടെ കീഴിൽ ജോലിയെടുത്തു കഴിഞ്ഞുകൂടുന്നവരാണല്ലോ. തമ്പുരാക്കൻമാരും തമ്പുരാട്ടിമാരും 'എടാ' എന്നും 'എടീ' എന്നും വിളിച്ചാൽ അടിയാന്മാർ 'റാൻ' മൂളണം. അല്ലെങ്കിൽ കണക്കിനു കിട്ടും. ഹൗ! എന്തൊരു നികൃഷ്ട നീതി!

ഈ നികൃഷ്ട നീതി നടമാടുന്ന കാലത്താണ് അറേബ്യയിലെ ചില അടിയാന്മാരും അടിയാത്തികളും പുതുദീൻ സ്വീകരിച്ചത്. തമ്പുരാക്കൾക്ക് അത് ഇഷ്ടമായില്ല. അവർ അടിമകളോട് ഇസ്‌ലാം ഉപേക്ഷിക്കാൻ കൽപിച്ചു. അടിമകൾ അതിന് വഴങ്ങിയില്ല. അവർ കെഞ്ചി അപേക്ഷിച്ചു:

"പൊന്നു തമ്പ്രാക്കളേ, മറ്റെന്തുവേണമെങ്കിലും അടിയങ്ങൾ ചെയ്തോളാം. ഇസ്‌ലാമുപേക്ഷിക്കാൻ മാത്രം പറയരുത്." ഇതിനെ തുടർന്ന് അവിടെ നടന്ന അക്രമങ്ങൾ വിവരിക്കുവാൻ പ്രയാസം. ആ പാവങ്ങൾ സഹിച്ച അടികൾക്കും ഇടികൾക്കും കൈയ്യും കണക്കുമില്ല. എന്നിട്ടവർ പിൻമാറിയോ? ഇല്ല, ലവലേശം പിൻമാറിയില്ല. എല്ലാം പടച്ചതമ്പുരാനിലങ്ങ് ഭരമേൽപിച്ചു. ഉമയ്യത്ത് മഹാദുഷ്ടനും ക്രൂരനുമായ ഖുറൈശി പ്രമാണിയായിരുന്നു. അയാളുടെ അധീനത്തിലായിരുന്നു ബിലാൽ (റ). അദ്ദേഹം ആദിയിൽതന്നെ ഇസ്‌ലാം ആശ്ലേഷിച്ച നീഗ്രോ ആയിരുന്നു. ഉമയ്യത്ത് പറഞ്ഞു: "എടാ, വേഗം മടങ്ങിക്കോ. അല്ലെങ്കിൽ....." ബിലാൽ വഴങ്ങിയില്ല. അതിനാൽ, ബിലാലിന്റെ കൈയും കാലും കൂട്ടിക്കെട്ടി. കഴുത്തിൽ കയറിട്ട് മലർത്തിക്കിടത്തി, നെഞ്ചിൽ പാറക്കല്ല് കയറ്റിവെച്ചു. ചുട്ടുപഴുത്ത മണൽക്കാട്ടിലൂടെ വലിച്ചിഴച്ചു. നേക്കിയാൽ തീപറക്കുന്നതായി തോന്നും. ഹൗ എന്തൊരു ക്രൂരകൃത്യം! അനന്തരം ഉമയ്യത്ത് അലറി:

"എടാ ബിലാൽ! നീ ഇങ്ങനെ കിടന്നു ചാവണം. അല്ലെങ്കിൽ മുഹമ്മ ദിൽ അവിശ്വസിക്കണം." ബിലാൽ വേദനയുടെ തീച്ചൂളയിൽ വെന്തെരിയു കയാണ്. എന്നിട്ടും അദ്ദേഹത്തിന്റെ മനസ്സ് പതറിയില്ല. അദ്ദേഹം "അഹദ്, അഹദ്!" (അല്ലാഹു ഏകൻ) എന്നുരുവിട്ടു. തദവസരം അബൂബക്കർ (റ) അവിടെയെത്തി. ആ ദയനീയ കാഴ്ച അദ്ദേഹം കണ്ടു. ഉമയ്യത്തിന്റെ പിടി യിൽനിന്നും ബിലാലിനെ രക്ഷിക്കാൻ അദ്ദേഹം തീരുമാനിച്ചു. അബൂബക്കർ ചോദിച്ചു: "ഹേ ഉമയ്യത്ത്, നിന്റെ ഈ വടുവനെ എനിക്ക് തന്നേക്കൂ. എന്റെ വടുവനും ബിലാലിനെക്കാൾ ബലവാനും നിന്റെ മതക്കാരനുമായ എന്റെ വടുവൻ ഗുലാമിനെ പകരം തരാം."

ബിലാലിന്റെ ഭാഗ്യം, ഉമയ്യത്ത് ആ മാറ്റക്കച്ചവടമുറച്ചു. ബിലാൽ എന്നെ ന്നേക്കുമായി സ്വതന്ത്രനായി.

ആദ്യവിശ്വാസികളിൽ പെട്ടതായിരുന്നു യാസിർ കുടുംബം- യാസിറും ഭാര്യ സുമയ്യാ ബീവിയും മകൻ അമ്മാറും ഇസ്‌ലാംമതം വിശ്വസിച്ചു. അതിന്റെ പേരിൽ ആ കുടുംബം അനുഭവിച്ച ദുരിതങ്ങൾ വർണിക്കാൻ വയ്യ.

ബിലാലിനെ ചെയ്തപോലെ അമ്മാറിനെയും എരിപൊരികൊള്ളുന്ന മണ പ്പുറത്ത് കിടത്തി മർദിച്ചു. വേദനയും യാതനയും കടിച്ചിറക്കിക്കൊണ്ട് അമ്മാർ ബോധം കെട്ടുവീണു. ഇമ്മാതിരി ചില കടുംകൈകളാൽ യാസിർ (റ) ഇഹ ലോകവാസം വെടിഞ്ഞു.

സുമയ്യത്ത് ബീവിയുടെ (റ) മുൻദ്വാരത്തിൽ അബൂജഹൽ ചുട്ടുപഴുപ്പിച്ച കുന്തം കുത്തിയിറക്കി. അതിനാൽ അവരും രക്തസാക്ഷിയായി. ഇങ്ങനെ യെത്രയെത്ര കൊടും മർദനങ്ങളാണ് നവമുസ്‌ലിംകൾ സഹിച്ചതെന്നോ! വിവ രിക്കുവാൻ പ്രയാസം....

***(വൃത്തം: വഞ്ചിപ്പാട്ട്)***
***(ചെറുപ്പത്തിൽതന്നെ നബി)***

**അന്ധകാര നിബിഡമാമറേബ്യതൻ മരുഭൂവിൽ**
**അന്ത്യദൂതൻ സത്യദീനിൻ ദീപംകൊളുത്തി.**
**മക്കക്കാഫിർ കുലത്തിന്നാ ദീപത്തെളിവൊളി കാണാൻ.**
**തക്കനേത്രം ലഭിച്ചില്ല നിർഭാഗ്യമയ്യോ**
**അതിനാലവർ സത്യത്തിൻ മുന്നണിപ്പോരാളികളെ**
**എതിരിടാനൊരുമ്പെട്ടു നാനാ തരത്തിൽ**
**പാവപ്പെട്ട മുസ്‌ലിംകളെ ദീനിൽനിന്നും വിരട്ടുവാൻ**
**ആവുംവിധം സമ്മർദങ്ങൾ ചെലുത്തി ദുഷ്ടൻ**
**തമ്പുരാക്കളവരുടെ കീഴിലുള്ള ദാസന്മാരെ**
**നൊമ്പരപ്പെടുത്തും ഹിംസ നടത്തിവന്നു....**

എത്രയോ പാവങ്ങളതാ, മർദനത്തിൻ തീച്ചൂളയിൽ
ചിത്രശലഭങ്ങൾ പോലെ കത്തിയെരിഞ്ഞു..!
എന്നിട്ടും സത്യവിശ്വാസ ധീരന്മാർ പതറിയില്ല,
മന്നവനിൽ സർവസ്വവുമവരർപ്പിച്ചു.
ഭോഷനുമയ്യത്തിൻ കീഴിൽ ദാസനായി നിലകൊള്ളും
നേശൻ ബിലാലിന്റെ കഥ ശ്രവിച്ചിടുക.
അദ്ദേഹത്തെ യജമാനൻ കൈയും കാലും കൂട്ടിക്കെട്ടി
കന്ധരത്തിൽ കയറിട്ടു വലിച്ചിഴച്ചു.
വെളിസ്ഥലത്തെത്തിച്ചേർന്നു; ചുട്ടുപൊള്ളും മണൽപ്പുറം
മലർത്തിക്കിടത്തി നെഞ്ചിൽ പാറക്കല്ലേറ്റി?
മല്ലനുമയ്യത്ത് കൂറി, "ചാകണം നീയീവിധത്തിൽ
അല്ലെങ്കിൽ മുഹമ്മദിലവിശ്വസിക്കേണം."
അവശനാം ബിലാലഹോ! അഹദഹദെന്ന വാക്ക്
ആവേശത്തിലുരുവിട്ടു; വിവശനായി...!
ഏകദൈവ സിദ്ധാന്തത്തെ ചൂണ്ടിക്കാട്ടും മൊഴി ബിലാൽ
ആ കഠോര നിമിഷത്തിലുരുവിട്ടപ്പോൾ,
ഉമയ്യത്തമ്പരക്കുന്നു, വിശ്വാസത്തിൻ ദിവ്യശക്തി
തൻമനസ്സാക്ഷിക്കു ബോധ്യപ്പെട്ടിരിക്കണം!
ദയനീയ കാഴ്ച കണ്ടിട്ടബൂബക്കർ ബിലാലിനെ
ദയഹീനനുമയ്യത്തിൻ പിടിയിൽനിന്നും
വിടുവിക്കുവാനുപായം ചിന്തിക്കുന്നു, ചോദിക്കുന്നു,
"വടുവനെയെനിക്കു നീ വിൽക്കുമോ? എങ്കിൽ,
ബിലാലേക്കാൾ ബലവാനും നിൻമതക്കാരനുമായ
ഗുലാമിനെ പകരമായ് നൽകാം നിനക്ക്"
ഭാഗ്യവശാലുമയ്യത്താ മാറ്റക്കച്ചോടമുറച്ചു;
ത്യാഗിവര്യൻ ബിലാലഹോ വിമുക്തനായി.
പുത്തൻ ദീനിൽ ചേർന്നവരിലുൾക്കൊള്ളുന്നു അമ്മാറുംതൻ
മാതാപിതാക്കളാം സുമയ്യത്തും യാസിറും
പടച്ചവൻതന്റെ മാർഗത്തിലക്കുടുംബം സഹിച്ച
കഠിനക്ലേശങ്ങളാരും മറക്കയില്ല...!
ബിലാലിനെ ചെയ്തപോലെ എരിപൊരികൊള്ളും മണൽ
തലമതിലമ്മാറിനെ കിടത്തി കയ്യർ!
വേദന യാതനാദികൾ കടിച്ചിറക്കവെ അമ്മാർ
ബോധംകെട്ടു; നിശ്ചലനായ് കിടന്നിടുന്നു.....!
ഇമ്മാതിരി ഹിംസമുറപ്പരീക്ഷണത്താലെ യാസിർ

ഇമ്മഹീതലം വെടിഞ്ഞു; സ്വർഗം പൂകിനാൻ....
ഹന്ത! സുമയ്യത്ത്തന്റെ മുൻദ്വാരത്തിലബൂജഹൽ
കുന്തം കയറ്റിയിറക്കി, ബീവിശഹീദായ്
ഇതുവിധമെത്രയെത്ര സഹാബിമാർ കൊടുംക്രൂര
യാതനകൾ സഹിച്ചെന്നോ, ചൊൽവാൻ പ്രയാസം....!!

---

(തെളിവൊളി = തെളിഞ്ഞ പ്രകാശം. നേശൻ = ആശ്രിതൻ. കന്ധരത്തിൽ = കഴുത്തിൽ. വടുവൻ = അടിമ. കയ്യർ = നീചൻ, ദുഷ്ടൻ. മഹീതലം = ഭൂലോകം. ഹന്ത = കഷ്ടം.)

# മറ്റൊരടവ്

ഓറ്റുനിറച്ചൊരു പന്തിനെ എത്രകണ്ട് ശക്തിയിൽ അടിക്കുന്നുവോ, അത്രകണ്ട് അത് പൊങ്ങുമെന്നുള്ളത് തീർച്ചയാണല്ലോ. ഇതുപോലെ, ശത്രുക്കളുടെ മർദനമുറകൾ കൂടുംതോറും ഇസ്ലാമികപ്രസ്ഥാനം അനുദിനം വളർന്നുകൊണ്ടിരുന്നു-കൈയ്യൂക്കുകൊണ്ടും മെയ്യൂക്കുകൊണ്ടും കാര്യം നടപ്പില്ലെന്ന് ഖുറൈശിത്തലവൻമാർക്ക് ബോധ്യമായി. അവർ ചില മോഹനവാഗ്ദാനങ്ങൾ നബിനായകന്റെ മുമ്പിൽവെക്കാൻ തീരുമാനിച്ചു. അതായിരുന്നു പുത്തൻ അടവ്.

ഖുറൈശികൾ തങ്ങളുടെ ഒരു നേതാവായ ഉത്ബത്തിനെ അതിന്നായി നിയോഗിച്ചു. ഉത്ബത്ത് തിരുസന്നിധിയിൽ ചെന്ന് ഇങ്ങനെ ഉണർത്തിച്ചു:

"അല്ലയോ സഹോദര പുത്രാ, ഞാനൊരു കാര്യം ചോദിച്ചുകൊള്ളട്ടെ: എന്തിനാണ് നീ നമ്മുടെ പൂർവികമതത്തെ കുറ്റപ്പെടുത്തുന്നത്? എന്തിനാണ് നീ ഇന്നാട്ടിൽ കുഴപ്പം സൃഷ്ടിക്കുന്നത്? എന്താണ് ഇതിന്റെ പിന്നിൽ നിന്റെ ഉദ്ദേശ്യം? ഒന്നു തുറന്നു പറയൂ."

തിരുമേനി എന്തോ പറയുവാൻ തുനിഞ്ഞു.

അപ്പോഴേക്കും ഉത്ബത്ത് വീണ്ടും തുടർന്നു:

"ഒരു രാജാവാകണമെന്നാണ് നിന്റെ മോഹമെങ്കിൽ നിന്നെ ഞങ്ങൾ ഈ നാട്ടിലെ രാജാവാക്കാം. ഒരു നേതാവാകണമെന്നാണ് ആഗ്രഹമെങ്കിൽ നിന്നെ ഞങ്ങൾ ഖുറൈശികളുടെ നേതാവാക്കാം. ഒരു ലക്ഷപ്രഭുവാകണമെന്നാണ് ഉദ്ദേശ്യമെങ്കിൽ നിന്നെ ലക്ഷപ്രഭുവാക്കാം. അതല്ല, വല്ല ലോകസുന്ദരിയെയും കണ്ട് സ്നേഹിച്ചുപോയെങ്കിൽ അവൾ എവിടെയാണെങ്കിലും ഞങ്ങൾ കൊണ്ടുവന്നു നിനക്കു വേളികഴിച്ചുതരാം. ഇതൊന്നുമല്ല; വല്ല, ഭൂതബാധയുമേറ്റുപോയതാണെങ്കിൽ ഭൂതബലിനേർന്നു ബാധ ഒഴിപ്പിക്കാം. എന്നാലും മുഹമ്മദേ, നീ ഞങ്ങളുടെ പൂർവികമതത്തെ പുഛിച്ചുതള്ളല്ലെ!"

എത്ര നല്ല വാഗ്ദാനങ്ങൾ! അല്ലേ? എന്നാൽ, തിരുദൂതർ, അവയിൽ വല്ലതും സ്വീകരിച്ചുവോ? ഇല്ല, ഒന്നും സ്വീകരിച്ചില്ല. തന്നെയുമല്ല, പ്രസ്തുത സന്ദർഭത്തിനൊത്ത് ഏതാനും ഖുർആൻവചനങ്ങൾ തിരുമേനി ഉത്ബത്തിന് ഓതിക്കേൾപ്പിച്ചു. അവ ശ്രദ്ധിച്ചുകേട്ട ഉത്ബത്ത് ആകെ അന്ധാളിച്ചുപോയി. അദ്ദേഹം വളരെ മനഃപ്രയാസത്തോടെ തിരിച്ചുപോന്നു:

***(വൃത്തം : കാകളി)***
***(കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്ക്)***

നിർദയമർദനമൊന്നും ഫലിച്ചില്ല;
വർധിച്ചുവന്നഹോ സത്യവിശ്വാസികൾ...

(കാറ്റു നിറച്ചൊരു പന്തിന്നടിക്കുകിൽ
ഊറ്റത്തിൽ പൊങ്ങുമെന്നുള്ളതു നിശ്ചയം!)
കൈയൂക്കുകൊണ്ടൊന്നും കാരിയംപറ്റിക്കാൻ
വയ്യെന്നു കയ്യർക്കു ബോധ്യമായി....!
മറ്റൊരടവുപയറ്റിടാം നമ്മൾക്കു
മാറ്റിത്തം നീക്കണം; മാറ്റം വരുത്തണം.
നിശ്ചയം പോലെ ഉത്ബത്തുമെത്തുന്നു,
നിശ്ചിത കാര്യങ്ങൾ ചൊല്ലിത്തുടങ്ങുന്നു:
"അല്ല, മുഹമ്മദേ; സോദരപുത്രാ നീ
അല്ല, നീ പുത്തനാം 'പൊല്ലാപ്പ്' ചൊല്ലുന്നു;
എന്തിനീ നാട്ടിൽ കുഴപ്പമുണ്ടാക്കുന്നു?
എന്താണിതിൻപിന്നിൽ നിന്നുടെ ലക്ഷ്യവും?"
മുത്തുനബിയെന്തോ ചൊല്ലാൻ തുനിയുന്നു,
അത്തല മൂപ്പൻ തുടർന്നുണർത്തീടുന്നു:
"രാജാവു നേതാവുമാകണോ, ആക്കിടാം
രാജിയായീടണം, രാജ്യം ഭരിച്ചിടാം.
നിന്നുടെ ഉദ്ദേശ്യം നേതൃത്വമാണെങ്കിൽ
നിന്നെയീ ഗോത്രത്തിൻ നേതാവുമാക്കിടാം.
ലക്ഷപ്രഭുത്വമാണോ നിന്റെ ലക്ഷ്യവും
ലക്ഷപ്രഭുവാക്കി മാറ്റിടാം തൽക്ഷണം.
സുന്ദരിയായൊരു പെണ്ണിനെ വേൾക്കണോ,
സുന്ദരനന്ദനം തന്നിൽ വസിക്കണോ?
ഭൂതബാധയേറ്റു ഭ്രാന്തുപിടിച്ചുവോ?
ഭൂതബലി നേർന്നു; ബാധയൊഴിച്ചിടാം.
എന്നാലും നമ്മുടെ പൂർവികമാർഗത്തെ
പൊന്നുണ്ണിമോനേ, നീ നിന്ദിച്ചുതള്ളല്ലേ."
അന്തരീക്ഷം തെല്ലു മൂകമായ് നിൽക്കുന്നു
അന്ത്യപ്രവാചകൻ ഓതിക്കൊടുക്കുന്നു:
ഖുർആനിൽനിന്നുള്ള സൂക്തങ്ങളൊത്തിരി
ഓർമപ്പെടുത്തി പ്രവാചക പുംഗവൻ
എല്ലാം ശ്രവിച്ചു മനഃപ്രയാസത്തോടെ
തെല്ലിട നിന്നുത്ബത്ത് മടങ്ങിനാൻ.

(കയ്യർക്കു = ദുഷ്ടർക്കു. മാറ്റിത്തം = ആപത്ത് (വിഷമം). പൊല്ലാപ്പ് = കൊള്ളരുതായ്മ. രാജിയായിടുക = ഒത്തുതീർപ്പാവുക. വേൾക്കുക = കല്യാണം കഴിക്കുക. നന്ദനം = പൂങ്കാവനം)

# ചന്ദ്രപ്പിളർപ്പ്

തിരുമേനിയും സഹാബത്തും തങ്ങളുടെ പ്രബോധന കൃത്യത്തിൽ യാതൊരു വീഴ്ചയും വരുത്തിയില്ല. തദവസരത്തിൽ ഖുറൈശി മൂപ്പൻമാർ പുതിയൊരു തന്ത്രവുമായി തിരുമേനിയെ സമീപിച്ചു. ദൈവിക ദൃഷ്ടാന്തം ആവശ്യപ്പെടുകയെന്നതായിരുന്നു അത്.

അവർ പറഞ്ഞു: "ഓ, മുഹമ്മദ്, വലിയ തമ്പുരാൻ നിന്നെ ഒരു നബിയായി അയച്ചിട്ടുണ്ടെന്നാണ് നിന്റെ വാദം. ഞങ്ങൾക്കതു വിശ്വാസം വരുന്നില്ല. അതിനാൽ, ഒരു ദിവ്യ ദൃഷ്ടാന്തം കാട്ടിത്തരുക. എന്നാൽ ഞങ്ങൾ ഒന്നടങ്കം നിന്നിൽ വിശ്വസിക്കാം." ഉള്ളം നിറയെ കള്ളമായിരുന്നു, അവർക്ക്. ലവലേശം ഉദ്ദേശ്യശുദ്ധി ഉണ്ടായിരുന്നില്ല. എങ്കിലും തിരുദൂതർ ചോദിച്ചു: "എന്തു ദൃഷ്ടാന്തമാണ് നിങ്ങൾ ആവശ്യപ്പെടുന്നത്?"

അമ്പിളി വാനിൽ ഉദിച്ചുയർന്ന് ചുറ്റും പ്രകാശം പരത്തുന്നു. ഖുറൈശി നേതാക്കൾ അവരുടെ ആവശ്യം ഉന്നയിച്ചു. "ആ അമ്പിളി ഒത്ത നടുവിൽ രണ്ടു കീറായി പിളർന്ന് ഒരു കീറ് ഹിറാമലയുടെ അപ്പുറത്തേക്ക് പോവുക; മറ്റേ കീറ് 'ഹിറ'യുടെ ഇപ്പുറത്തേക്കും വരണം. പിന്നെ തുണ്ടം രണ്ടും ആദ്യത്തെപ്പോലെ ഒന്നായി ചേരണം!"

ഇതായിരുന്നു അവരുടെ ആവശ്യം. ഇതത്രയും സംഭവിച്ചുവെന്നാണ് ചരിത്രകാരൻമാർ പറയുന്നത്. വിശുദ്ധ ഖുർആനും അതിലേക്ക് സൂചന നൽകുന്നുണ്ട്. പ്രസ്തുത അദ്ഭുതസംഭവം അറബിനേതാക്കൾ മിനാ എന്ന സ്ഥലത്തുവെച്ച് കണ്ടുവത്രേ! സർവശക്തനായ അല്ലാഹുവിന്റെ കഴിവ് അപാരം തന്നെ.

എന്നാൽ, ആ ദിവ്യദൃഷ്ടാന്തം ഖുറൈശി നേതാക്കൾ കണ്ണാലെ കണ്ടിട്ടും അവർ വിശ്വസിച്ചില്ല-അവർ പറഞ്ഞു: "മുഹമ്മദ് വല്ലാത്തൊരു ജാലവിദ്യക്കാരൻതന്നെ. ഹായ്, എന്തൊരു മായാജാലമാണിത്!"

അക്കാലത്ത് നമ്മുടെ കേരളം വാണിരുന്നത് ചേരമാൻ പെരുമാൾ എന്ന ചക്രവർത്തിയായിരുന്നു. അദ്ദേഹം പ്രസ്തുത ചന്ദ്രപ്പിളർപ്പ് കാണുകയുണ്ടായെന്ന് ചിലർ പറയുന്നു. പിന്നീട് ഇസ്‌ലാംമതം വിശ്വസിക്കുകയും അറേബ്യയിലേക്ക് പോവുകയും അവിടെ വെച്ച് മരിക്കുകയും ചെയ്തു ചേരമാൻ പെരുമാൾ. ഹള്റ മൗതിലെ ളഫാർ എന്ന പട്ടണത്തിലാണത്രേ അദ്ദേഹത്തിന്റെ ഖബ്ർ. അല്ലാഹു അദ്ദേഹത്തിന്റെ മേൽ കാരുണ്യം വർഷിക്കുമാറാകട്ടെ.

*(വൃത്തം: ഓട്ടൻതുള്ളൽ)*

മക്കാപുരിവമ്പന്മാർ നൽകിയ
ചക്കരവാക്കും വിലപ്പോയില്ല!
മുത്തുനബിതൻ ബോധന കൃത്യം
ഉത്തരവൊത്തു തുടർന്നു കൃത്യം
മൂപ്പന്മാരവരൊത്തൊരുമിച്ചു,
അപ്പോൾ മറ്റൊരു സൂത്രമെടുത്തു.
ഉള്ളം നിറയെ കള്ളവുമായി
കള്ളത്തലവർ വിള്ളുകയായി:
അന്ത്യനബി മുഹമ്മദ്തന്നെ
സത്യമതാക്കാം, ഞങ്ങളും നിന്നെ.
തെളിവിന്നായി ഒരു ദൃഷ്ടാന്തം
വെളിവാക്കേണം, ഞങ്ങൾ പറയാം:
അമ്പിളി വാനിലുദിച്ചുയരുന്നു
ഇമ്പമിൽ പാലൊളി തൂകീടുന്നു.
"ഒത്തനടുക്കിരുകീറായ് മാമൻ
ഇത്തലകുന്നിരു പുറമാട്ടെ
ഒരു പൊളി ഹിറമലയ്ക്കപ്പുറമാട്ടെ,
മറുപൊളി ഹിറയുടെ ഇപ്പുറമാട്ടെ.
പിന്നെ തുണ്ടം രണ്ടും ചേർന്നി-
ട്ടൊന്നായ് വാനിലുദിച്ചീടട്ടെ.
ഇതുവിധം ഞങ്ങൾ കാണുകിൽ നിന്നുടെ
പുതുമതം തന്നിൽ വരുമതു തീർച്ച!"
പണ്ടവൻ തന്നുടെ വേണ്ടുക കൊണ്ട്
കണ്ടകർ കണ്ടു മിനായിൽ വെച്ച്
തുണ്ടം രണ്ടായി പിളർന്നു അമ്പിളി
വീണ്ടും ഒന്നായ് ചേർന്നു മഹാദ്ഭുതം!
നാട്ടാരും മറുനാട്ടാർ ചിലരും
തിട്ടമതായി കണ്ടജബായി!
കേരള നാടു ഭരിച്ചിടും രാജാ
'ചേരമാൻ പെരുമാളും' കണ്ടത്രേ!
പെരുമാൾ ദീനിസ്ലാമുപുണർന്നു
പുരുമോദം മടങ്ങി വരുമ്പോൾ
'ശഹ്റ്ളഫാറി'ൽ വെച്ചു മരിച്ചു

അഹദവൻ, മോക്ഷം നൽകീടട്ടെ!
എന്നാൽ ഖുറൈശിക്കാഫിർ ലോകം
ചൊന്നാ"രഹ്മദ് മാന്ത്രികൻതന്നെ!!
മായാജാലം സംശയം വേണ്ടാ
'മാന്യർ' നമ്മൾ കുടുങ്ങുകവേണ്ട...!!"

(ഉത്തരവൊത്തു = അല്ലാഹുവിന്റെ കൽപന പോലെ. വിള്ളുക = സംസാരിക്കുക. പാലൊളി = വെളുത്തനിറം (പാൽപോലെയുള്ള ശോഭ). തൂവുക = ചൊരിയുക. കണ്ടകർ = ദോഷൻമാർ. പുരുമോദം = സന്തോഷത്തോടെ. അജബായി = അദ്ഭുതപ്പെട്ടു)

# അബിസീനിയ ഹിജ്റ

അനുദിനമെന്നോണം ഇസ്ലാം വളർന്നുതന്നെ വന്നു. അതോടൊപ്പം ഖുറൈശികളുടെ അമർഷവും എതിർപ്പും കൂടിക്കൂടി വന്നു. ആകപ്പാടെ, മക്കാനഗരം മുസ്ലിംകൾക്ക് ഒരു നരകമായി മാറി. ആകയാൽ തിരുമേനിയുടെ മനം നൊന്തു നീറി. തന്റെ സ്വഹാബാക്കളെ ഇനി മക്കയിൽ പാർപ്പിക്കുന്നത് ശരിയല്ലെന്ന് നബിക്ക് ബോധ്യമായി.

എന്നാൽ, അവരെ എങ്ങോട്ട് പറഞ്ഞയക്കും? ഇസ്ലാമിനെ പൊറുപ്പിക്കുന്ന ഒരു രാജ്യം ലോകത്തെവിടെയുണ്ട്? ചെങ്കടലിനപ്പുറം സ്ഥിതി ചെയ്യുന്ന ഹബ്ശ (എത്യോപ്യ) രാജ്യം ഭരിച്ചിരുന്നത് നജ്ജാശി (നേഗസ്) എന്ന ഒരു ക്രിസ്തീയ രാജാവായിരുന്നു. തിരുമേനി സ്വഹാബികളോടുപദേശിച്ചു:

"എന്റെ പ്രിയമുള്ള സുഹൃത്തുക്കളേ, നിങ്ങൾ അബിസീനിയ എന്ന നാട്ടിൽപോയി പാർക്കുക. അവിടം ഭരിക്കുന്ന രാജാവ് നീതിമാനും ദയാലുവുമായ 'നജ്ജാശി'യാകുന്നു. അദ്ദേഹം നിങ്ങൾക്ക് അഭയം നൽകിയേക്കും. നബി(സ)യുടെ ഉപദേശപ്രകാരം സ്വഹാബികൾ അബിസീനിയയിലേക്ക് യാത്രയായി. അവിടെ പോയി പൊറുക്കുവാനുള്ള ഒരു വഴിയും അവർക്കുണ്ടായിരുന്നില്ല. എങ്കിലും എല്ലാം അല്ലാഹുവിൽ സമർപ്പിച്ച് അവർ പുറപ്പെട്ടു!

ഇതാണ് മുസ്ലിംകളുടെ ഒന്നാമത്തെ 'ഹിജ്റ' അഥവാ പലായനം. തിരുമേനിയുടെ മരുമകൻ ഉസ്മാൻ, അദ്ദേഹത്തിന്റെ ഭാര്യ റുഖിയ്യ, സുബൈറുബ്നുൽ അസ്ലം, അബ്ദുർറഹ്മാനിബ്നി ഔഫ്, അബൂഹുദൈഫതബ്നി ഉത്ബ എന്നിവർ അവരിൽ പ്രധാനികളായിരുന്നു.

അങ്ങനെ അവർ നാടുകടത്തപ്പെട്ടു.

എന്തായിരുന്നു അവർ ചെയ്ത കുറ്റം?

"അല്ലാഹു അല്ലാതെ ഇലാഹില്ല; മുഹമ്മദ് (സ) അല്ലാഹുവിന്റെ ദൂതനാണ്" എന്ന് ദൃഢമായി തുറന്നുപ്രഖ്യാപിച്ചു. അതനുസരിച്ചുള്ള ജീവിതക്രമം തുടർന്നുവന്നു...

മുസ്ലിംകൾ അബിസീനിയായിൽ ചെന്നു പാർക്കുന്ന വിവരം ഖുറൈശികൾ മണത്തറിഞ്ഞു. അവരെ അവിടെ നിന്ന് എങ്ങനെയെങ്കിലും പുറത്താക്കിക്കണം. വിലപിടിപ്പുള്ള നിരവധി തിരുമുൽക്കാഴ്ചകളുമായി അവർ അബിസീനിയാ രാജാവിന്റെ സന്നിധിയിലെത്തി. അവരുണർത്തി: "അല്ലയോ, മഹാരാജാവേ, ഇവരുണ്ടല്ലോ, ഈ പുത്തൻമതക്കാർ, ഇവർ വളരെ കുഴപ്പക്കാരാണ്. അവർ മക്കയിൽ വലിയ കുഴപ്പമുണ്ടാക്കി ഇങ്ങോട്ട് തടിതപ്പിയ

താണ്. അവരെ ഉടനെ മടക്കിയയക്കണം. അവർ അവരുടെ പുത്തൻ മതം ഇവിടെയും പരത്തും." "ഇവരെ തൽക്കാലം മടക്കിയയക്കാൻ ഞാനുദ്ദേശിക്കുന്നില്ല. നിങ്ങൾക്കുപോകാം." നജ്ജാശി അവരുടെ അപേക്ഷ നിരസിച്ചു. തിരുമുൽക്കാഴ്ചകളൊന്നും സ്വീകരിക്കാതെ അവരെ തിരിച്ചയച്ചു. അവർ ഇളിഭ്യരായി തിരിച്ചുപോന്നു. അല്ലാഹുവിന് സ്തുതി!

*(ഇശൽ: മറുകടൽ)*
*(അറേബ്യയിലൊരു കാലം ജലം പൊങ്ങി)*

നിരവധി കഠോര പീഡനങ്ങൾക്ക്-തോഴർ
നിരന്തരമിരയായി ചില പേർക്ക്
മരണവും ഭവിച്ചു; ഹാ! മരുഭൂമി- മക്ക
ഒരു പാതാളമായ്ത്തീർന്നു പിതൃഭൂമി.
കരുണാമൂർത്തിയാം റസൂൽ മനം നൊന്തു-പാരം
കദനത്താലവിടത്തെ കരൾ വെന്തു!
തരമതിൽ 'സ്വഹാബോ'ടു പറയുന്നു -ഹബ്ശാ
തലത്തേക്ക് 'ഹിജ്റ' പോകുവിനെന്ന്
സമാധാനപ്രിയൻ നജ്ജാശിയാണിന്ന് -രാജ്യം
സമർഥം വാണിടും അധിപതിയെന്ന്
സമസ്തവും പെരിയോനിൽ സമർപ്പിച്ചു-കൊണ്ടു
സമുചിതത്തിരുവരുൾ ശരിവെച്ചു.
സമുന്നതൻ റസൂലിന്റെ ഉപദേശം-പോലെ
സ്വഹാബാക്കൾ 'ഹിജ്റ' പോയി പരദേശം.
പരനല്ലാഹുവല്ലാതെയിലാഹില്ല-പുണ്യ
പ്രവാചകൻ 'മുഹമ്മദുർറസൂലുല്ലാഹ്!'
വിരോധികളുടെ പക്കലതാണല്ലോ- കുറ്റം
വിഷാദത്തിലവർ ദേശം വെടിഞ്ഞല്ലോആ
മരുമകനുസ്മാനും റുഖിയ്യത്തും-അവ്വാം
മകൻ സുബൈറിനോടബൂ ഹുദൈഫത്തും
ഹരി അബ്ദുർറഹ്മാനുമതിലുണ്ട്-വേറെ
ഹിതന്മാരാം തരുണന്മാർ പലരുണ്ട്.
അബിസീനിയയിൽചെന്ന് സ്വഹാബികൾ- പാർക്കും
അറിവെത്തി മനം നൊന്തു ഖുറൈശികൾ
അഭയാർഥികളായോരെ പുറത്താക്കാൻ-ഉള്ള
അടവുകളെടുക്കുന്നു പക തീർക്കാൻ

തിരുമുൽക്കാഴ്ചകൾ പലതും അയയ്ക്കുന്നു- ഹബ്ശ
തിരുരാജനതൊക്കെയും മടക്കുന്നു,
പുരിരാജൻ മുഖമേറെ തുടുത്തല്ലോ-രോഷം
പെരുത്തു കണ്ടതാൽ മൂഢർ ഭയന്നല്ലോ.
ഇവരെന്റെ അഭയാർഥികളാണല്ലോ- രാജൻ
ഉരകേട്ടു ഇളിഭ്യരായ് തിരിച്ചല്ലോ.

(കരുണാമൂർത്തി = ദയയുടെ സ്വരൂപം. പാതാളം = നരകം. പിതൃഭൂമി = ജന്മഭൂമി. സമർഥം = യോഗ്യമായി (നന്നായി). സമുചിതത്തിരുവരുൾ = തിരുനബിയുടെ ഉചിതമായ വാക്ക്. ഹരി = സിംഹം. ഹിതന്മാർ = ഇഷ്ടന്മാർ. തരുണന്മാർ = യുവാക്കൾ.)

# ഒരു ജൈത്രയാത്ര

പൂവണിഞ്ഞു നിൽക്കുന്ന പൂങ്കാവനംപോലെ, ഇസ്ലാമിന്റെ പരിമളം നാടൊട്ടുക്കും പരക്കുകയാണ്. അങ്ങകലെ അബിസീനിയാ രാജാവായ നജ്ജാശിക്കുപോലും ഇസ്ലാമിനോട് അനുഭാവമുളവായിക്കഴിഞ്ഞു.

പക്ഷേ, അറേബ്യൻ മുശ്രിക്കുകളാകട്ടെ, സത്യമാർഗത്തിൽ നാനാതരം തടസ്സങ്ങൾ സൃഷ്ടിച്ചുവിട്ടു. അപ്പോഴും ഏതാനും പാവങ്ങൾ മാത്രമേ ദീൻ വിശ്വസിച്ചിരുന്നുള്ളൂ. അതിനാൽ, തിരുമേനിയും സഖാക്കളും അർഖമിന്റെ വീട്ടിൽ ഒളിച്ചിരിക്കേണ്ടിവന്നു. വെളിവിൽ കണ്ടാൽ ഖുറൈശിപ്പോക്കിരികൾ വെറുതെ വിടുമായിരുന്നില്ല. ആയിടക്കൊരു സംഭവമുണ്ടായി: നബി (സ)യുടെ പിതൃവ്യനും ധീരവീര കേസരിയുമായ ഹംസ (റ) പെട്ടെന്നൊരു ദിവസം സത്യമതത്തിലേക്ക് വന്നു.

ഈ അവസരത്തിൽ തന്നെ, അല്ലാഹുവിന്റെ റസൂൽ ഇങ്ങനെ പ്രാർഥിച്ചു: "ഞങ്ങളുടെ നാഥാ, ഖത്താബിന്റെ മകൻ ഉമറിനെക്കൊണ്ടോ, ഹിശാമിന്റെ മകൻ അംറിനെക്കൊണ്ടോ ഈ പ്രസ്ഥാനത്തെ നീ പ്രബലമാക്കേണമേ?"

മുത്തു റസൂലിന്റെ പ്രാർഥന അല്ലാഹു കൈക്കൊണ്ടു. ഉമർ മുസ്ലിമായി. ഉമറും ഹംസയും ഇസ്ലാം സ്വീകരിച്ചതോടുകൂടി സ്വഹാബിവര്യന്മാർക്ക് എന്തെന്നില്ലാത്ത ആവേശം ജനിച്ചു. അവർ അല്ലാഹുവെ സ്തുതിച്ചു. ഉമർ പരിശുദ്ധ ദീൻ സ്വീകരിച്ച ഉടനെ തിരുസന്നിധിയിൽ ഒരു നിർദേശം വെച്ചു:

"നാം സത്യമാർഗത്തിലാണെന്നതു തീർച്ച! അല്ലാഹു നമ്മെ തുണയ്ക്കും. നാമിവിടെ ഒളിവിലിരിക്കുന്നത് ശരിയല്ല. നാം പുറപ്പെടുക കഅ്ബയിലേക്ക്. ഖുറൈശികൾക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് നോക്കാമല്ലോ!!"

അങ്ങനെ, അർഖമിന്റെ വീട്ടിൽനിന്ന് ഒരു ഘോഷയാത്ര പുറപ്പെട്ടു. മുന്നിൽ തിരുദൂതർ, പിന്നിൽ സഖാക്കളും. "അല്ലാഹു അക്ബർ" എന്ന ധ്വനി മുഴക്കിക്കൊണ്ട് ഒരു ജൈത്രയാത്രയതാ നീങ്ങുന്നു. അവർ ഉച്ചത്തിൽ 'തക്ബീർ' മുഴക്കി കഅ്ബ ത്വവാഫ് ചെയ്തു....!!

*(രീതി: മാർച്ചിംഗ് സോങ്)*

പാവന പ്രബോധനം, സത്യദീനിൻ ബോധനം
പൂവണിഞ്ഞു പരിമളം പരത്തിടുന്നു മോഹനം.
(ആ വഴിക്കു നീങ്ങുവാൻ, സത്യദീൻ പുണരുവാൻ
ആഗ്രഹം ജനിച്ചു നജ്ജാശിക്കു ദീന് പുൽകുവാൻ)

ഭാവമില്ലെതിർപ്പുകൾ നിർത്തുവാൻ ഖുറൈശികൾ
ഭീമമായ് നിരന്തരം തുടർന്നുവന്നനീതികൾ.
ആവതും ശ്രമിച്ചവർ അക്രമം തുടർന്നവർ,
അന്ത്യരായ ദൂതരെ കൊല്ലുവാൻ ശ്രമിച്ചവർ,
ആയിടയ്ക്കൊരുദിനം, ആറ്റലർ പിതൃവ്യരാം
ധീരവീരർ ഹംസയും, സത്യദീനിൽ വന്നവർ
എത്രയും നിഗൂഢമായ് അർഖമിന്റെ വീട്ടിലായ്
സത്തമൻ സഖാക്കളും സംഭ്രമം വസിക്കയായ്.
തൃക്കരമുയർത്തി നബി, റബ്ബിനോടപേക്ഷയായ്
ദീർഘമായ് കണ്ണീരുവാർത്തു, താണു കേണുരക്കയായ്:
രണ്ടിലൊരുമറിനെക്കൊണ്ടു സത്യദീനിനെ
പുഷ്ടമാക്കിത്തീർക്കുവാൻ, രക്ഷകാ കനിയണേ!
പ്രാർഥനയ്ക്ക് ഉത്തരം, ഇറങ്ങിടുന്നനന്തരം
ഖത്താബ് മകനുമറിന്നു, വന്നു മാനസാന്തരം.
ധീരവീര കേസരികൾ രണ്ടു യുദ്ധശാലികൾ
ദീനിൽ വന്നു കീർത്തനം പാടി പാറി പറവകൾ
സത്യദീൻ വിളംബരം ചെയ്തിടുവാൻ സാദരം
സത്വരം ഉമർ ഉരച്ചു, സമ്മതിച്ചു ദൂതരും.
അണിയണിയായ് നിന്നതാ, തക്ബീർ ധ്വനി ഉയർന്നതാ
അന്ത്യദൂതരൊത്തു കഅ്ബ ചുറ്റി മാർച്ച് ചെയ്തതാ...
ഘോഷയാത്ര കണ്ടതാൽ, ഖുറൈശികൾ പകച്ചുപോയ്
രോഷവും വെപ്രാളവും നിരാശയും കലർന്നുപോയ്
പുംഗവർ ഉമറിനെ പുഷ്കലം പുണര്ണ്,
'ഫാറൂഖുമർ' എന്ന പേർ വിളിച്ച് ആദരിക്ക്ണ്

(സത്തമൻ = ഉത്തമ ഗുണമുള്ളവൻ, ശ്രേഷ്ഠൻ. അൽഫാറൂഖ് = സത്യവും അസത്യവും വേർതിരിച്ചവൻ. പുഷ്കലം = സന്തോഷത്തോടുകൂടി)

# പന്തിവിരോധം

ഹംസ(റ)യും ഉമറും (റ) ഇസ്‌ലാമിൽ വന്നതോടുകൂടി ഖുറൈശികൾ വലിയ വെപ്രാളത്തിലായി. അവർ 'ദാറുന്നദ്‌വ' യിൽ യോഗം വിളിച്ചുകൂട്ടി. പുത്തൻ പ്രസ്ഥാനത്തെ വേരോടെ നശിപ്പിക്കുവാനുള്ള സൂത്രങ്ങളാരാഞ്ഞു. ചൂടുപിടിച്ച ചർച്ച നടന്നു. അവസാനം ഒരു ഉറച്ച തീരുമാനത്തിലെത്തി.

മുഹമ്മദിനും സഹായികൾക്കുമെതിരായി പന്തിവിരോധം നടപ്പാക്കുക. അതായിരുന്നു, ഖുറൈശികളുടെ കൂടിയാലോചനാ സഭ (പാർലമെന്റ്) പാസ്സാക്കിയ പ്രമേയം. മുസ്‌ലിംകൾക്ക് പുറമേ നബിയുടെ ഏറ്റവും അടുത്ത കുടുംബമായ ഹാശിം-മുത്തലിബ് കുടുംബത്തെയും ഇതിൽ ഉൾപ്പെടുത്തി. അബൂത്വാലിബിനെ ബഹിഷ്കരണത്തിൽ ഉൾപ്പെടുത്തിയെങ്കിലും ഹാശിം കുടുംബത്തിലെ അബൂലഹബിനെ ഇതിൽനിന്നും ഒഴിവാക്കി. അദ്ദേഹം ഖുറൈശി പക്ഷത്തായിരുന്നു.

എന്തായിരുന്നു പ്രമേയത്തിലെ നിശ്ചയങ്ങൾ?

1. നബിക്കും സഹായികൾക്കും യാതൊരു ഒത്താശയും ചെയ്തുപോവരുത്. ഭക്ഷണ സാധനങ്ങളും മറ്റും വിലയ്ക്കും വെറുതേയും കൊടുക്കാൻ പാടില്ല. കുടിവെള്ളം പോലും കൊടുക്കരുത്. 2. അവരോട് ഉപചാരവാക്കുകൾ പറയരുത്. 3. കെട്ടുബന്ധം നടത്തരുത്. 4. കച്ചവടബന്ധവും പാടില്ല. 5. മുഹമ്മദിനെ കൊല്ലാൻ വിട്ടുതന്നാൽ മാത്രം ആ വക ബന്ധങ്ങൾ പുനഃസ്ഥാപിക്കും.

ആപൽക്കരമായ ഈ പ്രമേയം കൈയടിച്ചു പാസ്സാക്കി, ഒരു വിശുദ്ധ രേഖയെന്നോണം അവരത് കഅ്ബയിൽ കെട്ടിത്തൂക്കി!

ഇതിനെത്തുടർന്ന് നബിനായകനും സഖാക്കളും ഹാശിം-മുത്തലിബു ഗോത്രവും മക്കയിൽനിന്നും കുറച്ചകലെയുള്ള ശിഅ്ബു അബീത്വാലിബി (അബൂത്വാലിബ് താഴ്‌വാരം) ലേക്ക് താമസംമാറ്റി. മൂന്നുവർഷം കണ്ണീരും കൈയുമായി അവിടെ പൊറുത്തുവന്നു. വിശപ്പടക്കാൻ ആഹാരമില്ല; ദാഹം തീർക്കാൻ വെള്ളമില്ല. ഒന്നും കിട്ടുകയില്ല. ഒന്നും കൊടുക്കാതിരിക്കാൻ ശക്തിയായ കാവലുമേർപ്പെടുത്തി. പൈദാഹത്തിന്റെ കാഠിന്യത്താൽ പിഞ്ചുപൈതങ്ങൾ വാവിട്ടു കരഞ്ഞു. അതുകേട്ട് ഖുറൈശിത്തെമ്മാടികൾ കൈകൊട്ടിച്ചിരിച്ചു. എന്തൊരു കൊടുംക്രൂരത?

***(ആരംഭം അഥവാ, പൂമകളാണ്)***
***(മാവേലി നാടു വാണീടും കാലം)***

വെപ്രാളം പൂണ്ടു ഖുറൈശിലോകം
വെക്കുന്നു 'ദാറുന്നദ്‌വി'ൽ യോഗം

അപ്രമാണിമാരും സമ്മേളിച്ചു,
ആ പ്രധാനകാര്യം ചർച്ചചെയ്തു
കുപ്രസിദ്ധരേഖ തയ്യാറാക്കി
കഅ്ബാലയംതന്നിൽ കെട്ടിത്തൂക്കി.
ഇപ്രമാണത്തിലുമുണ്ട് ചൊല്ലാം
അപ്രകാരം വേണ്ടും ചട്ടമെല്ലാം.
ചട്ടത്തിൽ മുറ്റും ചേട്ടത്തം പിന്നെ
ചൊല്ലിടാം 'പന്തിവിരോധം' തന്നെ
"ഒട്ടുമേ ഭക്ഷണ പാനീയങ്ങൾ
ഓർക്കണം മറ്റുള്ള പാനീയങ്ങൾ
ഒട്ടും, കാശിന്നും കൊടുക്കരുത്;
ഓശാരമായിട്ടും നൽകരുത്.
കെട്ടുബന്ധങ്ങൾ നടത്തരുത്;
കച്ചോടബന്ധം പുലർത്തരുത്!
ബന്ധം പുലർത്താം മുഹമ്മദിനെ
ബന്ധിച്ചു; കൊന്നിടാൻ വിട്ടാൽ പിന്നെ!"
പന്തിവിരോധം നടപ്പിലായി,
'പുത്തൻ പ്രസ്ഥാനം' വിലക്കിലായി
മുത്തുനബിയും, സ്വഹാബിമാരും
മുത്തലിബ്-ഹാശിം വംശക്കാരും
അന്തികത്തുള്ളൊരു താഴ്വരയിൽ
സ്വന്തം ശിഅ്ബു അബീത്വാലിബിൽ
അത്താഴ്വാരം തന്നിൽ മൂന്നുകൊല്ലം
ആവസിച്ചല്ലോ അക്കൂട്ടരെല്ലാം.
ക്ഷുത്തടക്കുവാനാഹാരമില്ല;
ക്ഷുദ്രജീവികൾ കൊടുത്തതില്ല.
കത്തിക്കരിഞ്ഞു വയർ പൊരിഞ്ഞു
കുട്ടികൾ തേങ്ങിത്തേങ്ങിക്കരഞ്ഞു,
എന്തെന്തു ത്യാഗം സഹിച്ചു ഖിന്നം
ഇദ്ദീനിൻ മാർഗത്തിലായിമുന്നം.....

(പന്തിവിരോധം = ബഹിഷ്കരണം. അന്തികം = അരികെ. വിലക്കുക = വിലങ്ങുക, നിരോധിക്കുക. ആവസിക്കുക = താമസിക്കുക. ക്ഷുത്തടക്കുക = വിശപ്പടക്കുക. ക്ഷുദ്രജീവികൾ = ക്രൂരജീവികൾ. ഖിന്നം = ദുഃഖം)

# മോചനം

മൂന്നു കൊല്ലത്തിനു ശേഷം തിരുദൂതരും കൂട്ടുകാരും പന്തിവിരോധത്തിൽ നിന്ന് മോചിതരായി. ചില മാന്യയുവാക്കളുടെ ശ്രമഫലമായിരുന്നു അത്. ആ കഥ പറയാം:

പന്തിവിരോധച്ചട്ടങ്ങളിലെ നിശ്ചയങ്ങൾ കർശനമായിത്തന്നെ നടപ്പാക്കി വന്നിരുന്നല്ലോ. എന്നിരുന്നാലും മനുഷ്യത്വമുള്ള ചുരുക്കം ചിലരെങ്കിലും നാട്ടിലുണ്ടാകുമല്ലോ-അതിലൊരാളായിരുന്നു ഹുസാമിന്റെ മകൻ ഹകീം. ഖദീജാ ബീവിയുടെ സഹോദരീപുത്രനായ ഹകീം പിന്നീട് സത്യദീൻ വിശ്വസിച്ചിട്ടുണ്ട്.

ഹകീം തന്റെ മാതൃസഹോദരി ഖദീജാബീവിക്ക് രാത്രികാലത്ത് ഗൂഢമായി ഭക്ഷണമെത്തിച്ചുകൊടുത്തിരുന്നു. ഒരിക്കൽ അബൂജഹ്ൽ അത് കണ്ടുപിടിച്ചു. അയാൾ ഹകീമിനെ തടഞ്ഞു. ഇരുവരും തമ്മിൽ ശണ്ഠയായി. തദവസരത്തിൽ അബുൽബുഖ്തരി അവിടെ എത്തിപ്പെട്ടു. അദ്ദേഹം ഒരു ദയാലുവായിരുന്നു.

അബുൽ ബുഖ്തരി അബൂജഹ്‌ലിന്റെ പിടലിക്കൊന്നുവെച്ചുകൊടുത്തു, "ഫൂ, ചൂലെ" എന്നൊരാട്ടും കൊടുത്തു. ഹകീം ആ ധാന്യം ഖദീജ(റ)യുടെ പാർപ്പിടസ്ഥലത്തെത്തിക്കുകയും ചെയ്തു. ഇതുപോലെത്തന്നെ ഉമറിന്റെ മകൻ ഹിശാമും ഒരു ദയാലുവായിരുന്നു. അദ്ദേഹം സ്വന്തം വംശക്കാരായ ഹാശിം കുടുംബത്തെ വളരെ രഹസ്യമായി സഹായിച്ചുവന്നു. ഇങ്ങനെ ചില്ലറ ചില സഹായങ്ങൾ കൊണ്ടൊന്നും മതിയായിരുന്നില്ല. ബഹിഷ്കരണത്തിന് വിധേയരായവർ ക്ലേശിച്ചുതന്നെ കഴിഞ്ഞുകൂടി.

സ്വന്തക്കാരുടെ വിഷമം മനസ്സിലാക്കിയ ഹിശാം പൈശാചികമായ പന്തിവിരോധം പൊളിക്കാൻ എന്തുവഴിയെന്നു ചിന്തിച്ചു. ഹിശാം തന്റെ സ്നേഹിതൻ സുബൈറിനെ കണ്ടു. അവരിരുവരും കരാർപത്രത്തെ എമ്പാടും കുറ്റപ്പെടുത്തി. പക്ഷേ, മറ്റു കുടുംബങ്ങളിലെ ചില യുവാക്കളുടെ സഹായംകൂടി ആവശ്യമാണ്. അവരെയും തിരഞ്ഞുപിടിച്ചു. അവർ അഞ്ചുപേർ ഒത്തുചേർന്ന് പ്രസ്തുത 'മുസീഫത്ത്' അവസാനിപ്പിക്കുവാൻ കച്ചകെട്ടി പ്രതിജ്ഞയെടുത്തു.

പിറ്റെ ദിവസം പ്രഭാതത്തിൽ അഞ്ചുപേരും കൂടി കഅ്ബയിലെത്തി. ഖുറൈശി പ്രമാണിമാർ അവിടെ സൊറപറഞ്ഞിരുന്നിരുന്നു. പ്രസ്തുത പ്രമാണിമാരെ വെല്ലുവിളിച്ചുകൊണ്ട് കരാറുപത്രം പിച്ചിച്ചീന്തി ചുട്ടുകരിച്ചു. അതെ,

അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ തിരുമേനിയും സഖാക്കളും മോചിതരായി.

*(താരാട്ട്)*
***(ഓമനതിങ്കൾ കിടാവോ)***

മൂന്നുവർഷത്തിനുശേഷം-ചില
മാന്യന്മാർ ചെയ്ത വിശേഷം
ഉന്നിടുന്നു കഥപോലെ-പല
ഉന്നതന്മാർ ചൊന്ന പോലെ
മാന്യൻ ഹുസാമിന്റെ മോനാം-ഹകീം
പിന്നീട് ദീനിൽ വന്നോനാം.
ബീവി ഖദീജ സോദരീ-പുത്രൻ
രാവിലെന്നും ധാന്യമായി
പോകും വഴിക്കു തടഞ്ഞു-'ജാഹിൽ'
പോക്കണക്കേടു പറഞ്ഞു!
പെട്ടെന്നബൂ ബുഖ്തരി-യെത്തി
ഏറ്റുമുട്ടി രണ്ടു വീക്കി.
പാതിരനേരം ഹിശാമും-ഭക്ഷ്യ
പേയങ്ങൾ കൊണ്ടുപോയ് നൽകും.
ഇപ്രകാരം യോഗ്യരാ-ചിലർ
അപ്പപ്പോളേകി സഹായം.
എന്നാലതൊട്ടുമേ പോരാ-യെന്നു
തന്നെ വേണമല്ലോ കൂറാൻ
അന്തരംഗം നൊന്തിടുന്നു-ഹിശാം
സ്വന്തം സുബൈറെ കാണുന്നു
"എത്രയും നീചമാം പത്രം-അതെ
അത്രയ്ക്കും ക്രൂരമാം ചിത്രം!
എന്തും വരട്ടെ, പൊളിക്കാം-സ്വന്തം
ബന്ധുജനത്തെ രക്ഷിക്കാം"
രണ്ടു പേരുമൊരുമിച്ചു-മറ്റു
വേണ്ടുന്നോരേയും ക്ഷണിച്ചു.
അഞ്ചു തരുണന്മാരൊത്തു-ഒട്ടും
അഞ്ചാതെ കാര്യമുറച്ചു!
കാലത്തുണർന്നു നടന്നു-അവർ
കഅ്ബാലയത്തിൽ കടന്നു.

("മറ്റുള്ളോർ കുറ്റം തരങ്ങിൽ-ചൊല്ലും
മൂപ്പന്മാരുണ്ടവിടത്തിൽ!")
'അന്നേരമഞ്ചു പേരൊത്തു-ചേർന്നു
'അക്കരാർ' ചീന്തിയെടുത്തു
നാട്ടുമൂപ്പർ മുമ്പിൽ വെച്ച്-രേഖ
പെട്ടെന്നു ചുട്ടുകരിച്ചു....!!
പന്തിവിരോധം പൊളിഞ്ഞു-വീണ്ടും
സത്യദീൻ രംഗം തെളിഞ്ഞു.

# രണ്ടു ദുഃഖസംഭവങ്ങൾ

നുബുവ്വത്തിന്റെ 10-ാം കൊല്ലം നബി(സ)യുടെ പ്രിയതമ ഖദീജ(റ) വഫാത്തായി. തുടക്കം മുതൽതന്നെ തിരുമേനിക്ക് താങ്ങും തണലുമായിരുന്ന ഖദീജാബീവി(റ)യുടെ മരണം നബി(സ)യെ അഗാധ ദുഃഖത്തിലാഴ്ത്തി. കച്ചവടക്കാരിയും ധനികയുമായിരുന്ന ബീവിയുടെ ധനമെല്ലാം ഇസ്ലാമിന്റെ മാർഗത്തിൽ ചെലവഴിച്ചു. ഇസ്ലാമിൽ പ്രവേശിച്ച പാവങ്ങൾക്കാണ് ഇത് കൂടുതൽ പ്രയോജനപ്പെട്ടത്. അല്ലാഹു ഖദീജാ (റ) ബീവിക്ക് എന്നെന്നും രക്ഷയും മോക്ഷവും നൽകുമാറാകട്ടെ!

അതേ കൊല്ലംതന്നെ, തിരുദൂതരെ വാത്സല്യത്തോടെ വളർത്തുകയും ശത്രുക്കളിൽനിന്ന് രക്ഷിക്കുകയും ചെയ്തുവന്ന അബൂത്വാലിബും മരിച്ചു. ഈ രണ്ടു സംഭവങ്ങൾ 'രണ്ടു ദുഃഖസംഭവങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്നു.

പിതൃവ്യനായ അബൂത്വാലിബ് ഇസ്ലാം സ്വീകരിച്ചിരുന്നില്ല. കാരണം അറബികളുടെ 'മാമൂൽ മത'ത്തോട് അതിരറ്റ ഭക്തിയായിരുന്നു അദ്ദേഹത്തിന്.

പ്രസ്തുത മരണങ്ങൾക്ക് ശേഷം ശത്രുക്കളുടെ ഭീഷണികൾ കൂടുതൽ വർധിച്ചു. മക്കയിലെ ജീവിതം മുസ്ലിംകളെ സംബന്ധിച്ചേടത്തോളം ദുരിതപൂർണമായി. തൻമൂലം മുസ്ലിംകൾ സ്ഥലംവിട്ടു. പരദേശത്തേക്ക് ഹിജ്റ ചെയ്തു. വല്ലേടത്തും അഭയം കിട്ടുമോയെന്ന് നബിനായകരും ചിന്തിക്കാതിരുന്നില്ല. പക്ഷേ, ആരും അഭയം നൽകിയില്ല. സർവസ്വം റബ്ബിങ്കലർപ്പിച്ചു!

***(ഇശൽ - പോലെ നടപ്പ് ശീലമിൽ)***

പത്തു സംവൽസരം തുടർ-
ന്നുത്തമ ദീൻ പ്രചാരണം
മുത്തു റസൂലിൻ പത്നിയാൾ-
ക്കെത്തി അല്ലാഹുവിൻ ക്ഷണം.
ഉത്തരം ചെയ്തു ബീവിയാൾ
മൃത്യു വരിച്ച കാരണം,
അന്ത്യത്തിരുനബിക്കതാ
അത്തൽ കൂമ്പാര മാരണം.
പുത്തനായ് വന്നു ചേർന്നു, ഹാ
കത്തിയെരിഞ്ഞു പൂമനം,

മുത്തുനബിക്കുതൻ തുട-
ക്കത്തിൽ മതപ്രബോധനം
എത്തിക്കുവാൻ തുണച്ചഹോ
അത്തിരുബീവി തൻ ധനം
നിത്യം ഖദീജബീവിയിൽ
ഖത്തനേകട്ടെ രക്ഷണം.
എത്രയും വാൽസല്യത്തോടു
പുത്രനഹോ സംരക്ഷണം
ചിത്രമായ് ചെയ്തുവന്നൊരു
മൂത്താപ്പയും പരേതനായ്.
ശത്രു സമൂഹത്തിന്റെ വി-
ചിത്രതര പ്രകോപനം
തത്ര വർധിച്ചു വന്നു ഹാ,
എത്രയെത്ര പരീക്ഷണം !!
ചിത്രമതിൻ കഠോരത
ചിത്രണം ചെയ്തയീക്ഷണം
എത്രയും പാരദുഷ്കര-
മത്രേ, മഹാ വിനാശനം.
മിത്ര ജനം കൈക്കൊണ്ടു ത-
ന്മാത്രയതിൽ പ്രവാസനം.
ചിത്രകരാം സ്വഹാബിമാർ-
ക്കത്രയും കിട്ടി മോചനം !

---

(അത്തൽ = വ്യസനം. മാരണം = വിപത്ത്. ഖത്തൻ = അല്ലാഹു. രക്ഷണം = പരലോകമോക്ഷം. ചിത്രമായി = ഭംഗിയായി (നന്നായിട്ട്). വിചിത്രതര പ്രകോപനം = വളരെ പെട്ടെന്നുള്ള ഭീഷണിയുടെ മാറ്റത്തെ സൂചിപ്പിക്കുന്നു. തത്ര = ആ അവസരത്തിൽ. ചിത്രമതിൻ കഠോരത = ആ അവസരത്തിലെ മുസ്ലിംകളുടെ കഠിനാവസ്ഥ. ചിത്രണം ചെയ്യുക = വിവരിക്കുക. പാരദുഷ്കരം = വളരെ പ്രയാസം. വിനാശനം = നശീകരണം. തന്മാത്ര = ആനേരം. പ്രവാസനം = അന്യദേശത്ത് പോയി താമസിക്കൽ. ചിത്രകരാം സ്വഹാബിമാർ = യോഗ്യന്മാരായ സ്വഹാബികൾ.)

# ത്വാഇഫ് യാത്ര

ഇസ്ലാമിക പ്രബോധനത്തിന്റെ പേരിൽ നബി(സ)യും സ്വഹാബത്തും ഏറെ പാടും വിഷമങ്ങൾ സഹിച്ചു. നാട്ടുകാർ അവിടത്തെ കൊന്നുകളയാൻ തന്നെ തീർച്ചപ്പെടുത്തി.

സ്വന്തം നാട്ടിൽ ഇനി രക്ഷയില്ലെന്നു തിരുമേനിക്കു മനസ്സിലായി. ത്വാഇഫിലേക്ക് അഭയം തേടിപ്പോയി. എന്നാൽ അവിടെ നിന്ന്, എത്രയും നീചവും നിന്ദ്യവുമായ നിലയിൽ ആട്ടിയോടിക്കപ്പെടുകയാണുണ്ടായത്.

ആ സംഭവം ചുരുക്കി വിവരിക്കാം: നബി (സ)യും പോറ്റുമകൻ സൈദും കൂടി ത്വാഇഫിൽ ചെന്നു. ആ നാട്ടിലെ അന്നത്തെ നാടുവാഴികൾ സഖീഫ് വംശക്കാരായിരുന്നു.

ത്വാഇഫ് നേതാവായ അംറിന്റെ മക്കളായിരുന്നു ഇവർ.

നബിതിരുമേനി പ്രസ്തുത നേതാക്കളെ സന്ദർശിച്ചു. ഇസ്ലാമിക സന്ദേശം അവർക്ക് വിവരിച്ചുകൊടുത്തു. തനിക്കവിടെ അഭയം നൽകണമെന്നഭ്യർഥിച്ചു. അവർ തിരുമേനിയുടെ ആവശ്യം അംഗീകരിച്ചില്ലെന്നു മാത്രമല്ല, ആട്ടിപ്പുറത്താക്കുകയും ചെയ്തു. തദവസരത്തിൽ തിരുദൂതർ അവരോടപേക്ഷിച്ചു:

"നിങ്ങളിങ്ങനെ അംഗീകരിക്കുന്നില്ലെങ്കിൽ വേണ്ട, എനിക്കഭയം തരണമെന്നുമില്ല. പക്ഷേ, ഞാനിവിടെ വന്ന കാര്യം ഖുറൈശികളെ അറിയിക്കാതിരുന്നാൽ മതി!"

ആ പ്രഭുക്കൾ അതും നിരസിച്ചു. മാത്രമല്ല, വായിൽവന്ന അസഭ്യങ്ങളെല്ലാം പറഞ്ഞു. കനത്ത നൈരാശ്യത്തോടെ തിരുനബിയും പോറ്റുമകനും പടിയിറങ്ങി. തന്നെയുമല്ല, അവർ നാട്ടുചട്ടമ്പിമാരെയും അങ്ങാടിപ്പിള്ളേരെയും ഇളക്കിവിട്ടു. അവർ കൂക്കിവിളിച്ചു, തെറിപറഞ്ഞു, കല്ലെറിഞ്ഞു. തൃപ്പാദങ്ങളിൽ നിന്നു ചോരയൊലിച്ചു! ഹാ, എന്തൊരു നീചൻമാർ!

***(ഇശൽ: മക്കാനബി)***
***(അടിപെട്ട് കൊത്തിപ്പിടിത്താരോ...)***

എല്ലാ ചരാചരലോകത്തെ –ഏറ്റം
ഭംഗിയിൽ സൃഷ്ടിച്ച ദൈവത്തെ
അല്ലാഹുവേ ആരാധിക്കേണം–അവന്
മാത്രം കീഴ്പ്പെട്ടു ജീവിക്കേണം.

എന്നു പറഞ്ഞു റസൂലുല്ലാ-എന്നു
മാത്രം പറഞ്ഞു നബിയ്യുല്ലാ.
ഒന്നുമേ വേറെ പറഞ്ഞില്ല- ഒട്ടും
അന്യായമേതുമേ ചെയ്തില്ല!
എന്നിട്ടും അത്തിരുമേനിയെ-എന്നും
എമ്പാടും ശല്യപ്പെടുത്തിയേ.
തൻ നാട്ടിൽ പാർക്കാൻ കഴിയാതെ-ത്വാഹാ
ക്ലേശിച്ചു ക്ലേശിച്ചു വല്ലാതെ
ത്വാഇഫിലേക്കു പുറപ്പെട്ടു, ദത്തു
പുത്രൻ സൈദിനേയും കൂട്ടീട്ട്
ആയിടം വാഴുന്ന കർത്താക്കൾ-അന്നു
'സഖീഫ്' വംശത്തിൻ നേതാക്കൾ
അംറിന്റെ മക്കളാം മൂന്നുപേർ-അവർ
'ഖുറൈശോരെക്കാളേറെ മൂഢൻമാർ
പാവനദീനിന്റെ സന്ദേശം- പരി-
ശുദ്ധഖുർആന്റെ നിർദേശം
ആവതും നന്നായി കേൾപ്പിച്ചു-അതെ
അഭയം നൽകാനായഭ്യർഥിച്ചു.
മൂവർക്കും ശുണ്ഠി പിടിച്ചല്ലോ-മുത്തു
ദൂതരെ ആട്ടിയോടിച്ചല്ലോ.
ആട്ടിയോടിച്ചപമാനിച്ചു-അവർ
ചട്ടമ്പിമാരെ വിളിപ്പിച്ചു:
'കേഡി'യിവനെ തുരത്തേണം-കെട്ടോ
വേണ്ടതു പോലൊക്കെ ചെയ്യേണം.
കുട്ടികൾ കൂക്കി വിളിച്ചല്ലോ- കൂടെ
കല്ലേറും നന്നായി വന്നല്ലോ.
പോറ്റുമകനും തടുക്കുന്നു- പക്ഷേ,
പൊട്ടി നിണം പ്രവഹിക്കുന്നു
കൂടൻമാരങ്ങനെ ചെയ്തല്ലോ-കൊടും
നോവും പൂമേനി സഹിച്ചല്ലോ.....!!

# ഇസ്റാഉം മിഅ്റാജും

വെളുത്ത മേഘങ്ങളാൽ ആകാശം നിറഞ്ഞിരുന്ന ഒരു രാത്രി! വെള്ളിന ക്ഷത്രങ്ങൾ അങ്ങുമിങ്ങും മിന്നിത്തിളങ്ങുന്നു. കൊള്ളിമീനുകൾ തുരുതുരെ എറിയുന്നു. രാക്കിളികൾ ഗാനാലാപം പൊഴിക്കുന്നു. ശാന്തഗംഭീരമായ അന്ത രീക്ഷം. ഭൂതലം സുബോധം വിട്ടുറങ്ങുകയാണ്. ഇങ്ങനെയുള്ള ഒരു രാത്രി യാണ് അത് സംഭവിച്ചത്. ഏത്?

'ഇസ്റാഉം, മിഅ്റാജും.' ആ കഥ ചുരുക്കിവിവരിക്കാം:

റസൂൽ (സ) കഅ്ബയുടെ തിണ്ണയിൽ കിടന്നുറങ്ങുകയായിരുന്നു. ഈ തിണ്ണക്ക് 'ഹത്വീം' എന്നു പറയും. ജിബ്രീൽ (അ) അത്ഭുതകരമായ ഒരു വാഹനവും കൊണ്ടുവന്നു. 'ബുറാഖ്' എന്നാണ് ആ വാഹനത്തിന്റെ പേര്. ജിബ്രീൽ നബി (സ)യെ കൈപ്പിടിച്ചെഴുന്നേൽപിച്ച് അതിൻമേലിരുത്തി. രണ്ടു പേരും മസ്ജിദുൽ ഹറാമിൽ നിന്ന് യാത്രയായി.

അങ്ങനെ ബൈത്തുൽ മഖ്ദിസിലെത്തി. അവിടത്തെ പള്ളിക്കാണ് 'അൽമസ്ജിദുൽ അഖ്സാ' എന്നു പറയുന്നത്. നബി പള്ളിയിൽ നമസ്ക രിച്ചു. അനന്തരം ജിബ്രീൽ രണ്ടു പാനീയങ്ങൾ രണ്ടു പാത്രങ്ങളിലായി കൊണ്ടുവന്നു. ഒന്നിൽ പാൽ, അത് നബി കുടിച്ചു. മറ്റേതിൽ മദ്യമായിരുന്നു; അതുപേക്ഷിക്കുകയും ചെയ്തു. മദ്യമുപേക്ഷിച്ച് പാൽ സ്വീകരിച്ചതിൽ നബിയെ ജിബ്രീൽ പുകഴ്ത്തി. ഇത്രയും സംഭവത്തിനാണ് ഇസ്റാഅ് അഥവാ രാപ്രയാണം എന്നു പറയുന്നത്.

ഇനി മിഅ്റാജി (വാനാരോഹണം)ന്റെ കഥകേൾക്കുക. ജിബ്രീലൊന്നിച്ചു നബി വാനലോകത്തേക്കുയർന്നു. ഓരോ ആകാശവും സന്ദർശിച്ചു. വാനം തോറും നിരവധി ആശ്ചര്യക്കാഴ്ചകൾ കണ്ടു. പല പ്രവാചകൻമാരുമായും കൂടിക്കാഴ്ച നടത്തി. അവരെല്ലാം നബിയെ അഭിവാദ്യം ചെയ്തു. നബി വീണ്ടും മുമ്പോട്ടുപോയി അല്ലാഹുവുമായി കൂടിക്കാഴ്ച നടത്തി. അതിൽ പല സമ്മാനങ്ങളും നബിക്കു ലഭിച്ചു!

പ്രസ്തുത മുനാജാത്തിൽ നബിക്ക് കിട്ടിയ പാരിതോഷികങ്ങളിലൊ ന്നാണ് 50 നേരത്തെ നമസ്കാരം-ഇതു പിന്നീട് അഞ്ചു നേരമായി ചുരുക്കി. മറ്റൊന്ന് അൽബഖറ സൂറത്തിലെ അന്ത്യസൂക്തങ്ങൾ. വേറൊന്ന്, തന്റെ ഉമ്മ ത്തിൽ നിന്ന് ബഹുദൈവവാദം സ്വീകരിക്കാത്തവർക്കെല്ലാം മാപ്പു നൽകു മെന്ന വാഗ്ദത്തവും!

തിരുനബി മുനാജാത്തും കഴിഞ്ഞ് തിരിച്ചു. കൂടെ ജിബ്രീലുമുണ്ട്.

ബൈത്തുൽ മഖ്ദിസിലെത്തി. കഴിഞ്ഞകാലത്തെ പ്രവാചകൻമാരോടൊപ്പം നബി നമസ്കരിച്ചു. അവസാനം ഹറമിൽ മടങ്ങിയെത്തി. അപ്പോഴും മക്കാ പട്ടണം ഗാഢനിദ്രയിലായിരുന്നു.

പുലരി പുണർന്നു. വെളിച്ചം പരന്നു. തന്റെ രാപ്രയാണത്തിന്റെ കഥ തിരുമേനി വിവരിച്ചു. അത് കാഫിറുകളുടെ ചെകിട്ടിലുമെത്തി. അവർ ബൈത്തുൽ മഖ്ദിസിലെ കാഴ്ചകളെപ്പറ്റി പലതും ചോദിച്ചു. നബി (സ) അതിനൊക്കെ സമുചിതമായ മറുപടി നൽകി. എന്നിട്ടും അവർ വിശ്വസിച്ചില്ല. "കെട്ടുകഥ ഒട്ടു മട്ടമായിട്ടുണ്ടേ"ന്നു അവർ തട്ടി മൂളിച്ചു.

***(ഇശൽ: ചിന്തചായിപ്പ്)***
***(താമരപ്പൂങ്കാവനത്തിൽ)***

വെൺമുകിൽ പരന്നുവാനിൽ, വെണ്ണൊളി ചൊരിഞ്ഞു
വെള്ളിതാരങ്ങൾ നിരന്നു; കൊള്ളിമീനെറിഞ്ഞു!
രാക്കിളികൾ രമ്യഗാനാലാപനം പൊഴിച്ചു,
രാത്രിയെന്തോ ശാന്തഗാംഭീര്യമതാ വരിച്ചു,
'ഭൂതലം നിദ്രാമയക്കത്തിൽ സുബോധം വിട്ടു,
ഭൂനിവാസിലോകമതാ കൂരിരുട്ടിൽ പെട്ടു....!
പാവന കഅ്ബാലയത്തിൻ തിണ്ണയിൽ കിടന്നു,
പാരിട പ്രഭാകരൻ പൂമേനിയുറങ്ങുന്നു....!
ആ ക്ഷണത്തിൽ വന്നു ജിബ്രീൽ തൃക്കരം പിടിച്ചു
ആദരപൂർവമവിടത്തെയെഴുന്നേൽപിച്ചു.
അദ്ഭുതപ്പെട്ട 'ബുറാഖ്' വാഹനത്തിലേറി,
അമ്മഹാസുധാകരൻ സവാരി ചെയ്തു തേറി...
(മിന്നലാർന്ന യാത്രകണ്ടു വിണ്ണിലെ താരങ്ങൾ,
മിന്നിമിന്നി പുഞ്ചിരിച്ചു വാനിലെ സൂനങ്ങൾ.
വെൺമണൽ തരികൾ ചുറ്റും പൂത്തിരി കത്തിച്ചു
വെൺമണി നബിക്കു സർവ ഭാവുകമർപ്പിച്ചു...!)
എത്തി 'ബൈത്തുൽ മഖ്ദിസി'ലിറങ്ങി റസൂലുല്ലാ
ഏകനെ നമസ്കരിച്ചു മുത്തുഹബീബുല്ലാ...!
രണ്ടു പാത്രത്തിൽ കൊടുത്തു രണ്ടു പാനീയങ്ങൾ
രണ്ടിലൊന്നു പാലതത്രേ- പാൽ കുടിച്ചു തങ്ങൾ.
മദ്യമായിരുന്നു മറ്റേതിലതുപേക്ഷിച്ചു;
മാന്യദൂതൻ മാന്യദൂതനെയഭിനന്ദിച്ചു....!!
പിന്നെ വാനാരോഹണം തുടങ്ങി രണ്ടുപേരും,
പൊൻമണി മഹാത്ഭുതങ്ങൾ കണ്ടു മാനംതോറും

ആദം തൊട്ടുള്ളമ്പിയാക്കൾ സ്വാഗതം പറഞ്ഞു
അവ്വിധം മലാഇകത്തും മംഗളം ചൊരിഞ്ഞു...!!
ദൈവിക ജ്ഞാന രഹസ്യ കർട്ടനങ്ങുയർന്നു....!!
ദിവ്യ-നവ്യ-ഭവ്യമാർന്ന ഭൂതികൾ നുകർന്നു...!!
ആദിമൻ വിശേഷമായി നൽകി സമ്മാനങ്ങൾ
ആ മുനാജാത്തിൽ നബിക്ക്, പാരിതോഷികങ്ങൾ
അമ്പതു നേരത്തെ നമസ്കാരം നേമമാക്കി
ആയതു പിന്നഞ്ചു നേരമായവൻ ചുരുക്കി,
നമ്മുടെ ഉമ്മത്തിൽ നിന്നും 'ശിർക്ക്' ചെയ്യാത്തോർക്ക്
തന്നപരാധം പൊറുക്കുമെന്ന ദിവ്യവാക്ക്,
'അൽബഖറാ' എന്ന സൂറത്തിന്നൊട്ടു സൂക്തങ്ങൾ
അപ്പോഴേകി തമ്പുരാനതേറ്റെടുത്തു തങ്ങൾ.
'മസ്ജിദുൽ അഖ്സാ'യിലേക്കു വന്നവർ തിരിച്ചു
മുഖ്യദൂതൻമാരുടെയൊപ്പം നമസ്കരിച്ചു.
അങ്ങു നിന്നുയാത്രയായി മുൻസ്ഥലത്തെത്തുന്നു,
അസ്സമയത്തുമതാ മക്കയുറങ്ങീടുന്നു...!!
പൊട്ടി വിടർന്നു; പുലരി പാലൊളി പരത്തി
പുണ്യദൂതൻ രാപ്രയാണ സംഭവമുണർത്തി.
തട്ടിക്കേറി കാഫിർ ലോകം ചോദ്യശരമെയ്തു
തിട്ടമായ ഉത്തരം പൂമേനിയരുൾചെയ്തു.
'മട്ടമായിട്ടുണ്ടഹോ! ഈ കെട്ടുകഥ'യെന്നു
മക്ക 'കുഫ്ഫാർ' ലോകമപ്പോൾ തട്ടിമൂളിക്കുന്നു!
'മർത്ത്യസഞ്ചയത്തിനൊരു മോക്ഷമാർഗം വന്നു;
മന്നിലൊരു വിപ്ലവത്തിൻ നാന്ദി കുറിക്കുന്നു.
നല്ലൊരു സാമൂഹ്യ വ്യവസ്ഥക്കു വേണ്ടിയുള്ള
നേമനിർദേശങ്ങൾ കൊണ്ടുവന്നു റസൂലുല്ലാഹ്!!

(വെൺമുകിൽ = വെളുത്ത മേഘം. പാരിട പ്രഭാകരൻ = ഭൂമിയിലെ സൂര്യൻ (നബി). സുധാകരൻ = ചന്ദ്രൻ. തേറുക = തെളിയുക. വാനിലെ സുനം = ആകാശപുഷ്പം, നക്ഷത്രം. ദിവ്യ-നവ്യ-ഭവ്യമാർന്ന ഭൂതികൾ = ദൈവികവും ശുഭവുമായ പുതിയ അനുഭവങ്ങൾ.)

# തിരുനബി

## അബ്ദുൽ ഹഖ്ഖ് എടയൂർ

പ്രാഥമിക വിദ്യാലയങ്ങളിലെ
കൊച്ചോമനകൾക്ക് രസിച്ചും
വിനോദിച്ചും ശിക്ഷണശീലനം
എന്ന ബോധത്തിൽ നിന്ന്
മർഹൂം അബ്ദുൽ ഹഖ്ഖ് എടയൂർ
രൂപകൽപന ചെയ്തതാണീ
സരളകൃതി. പ്രബലമായ
പ്രമാണങ്ങളുടെ പിൻബലത്തോടെ,
പ്രവാചകന്റെ ജീവചരിത്രം
പിഞ്ചുമനസ്സുകൾക്ക്
ഉൾക്കൊള്ളാൻ കഴിയുംവിധം
ഗദ്യത്തിലും പദ്യത്തിലും ഇതിൽ
വരച്ചുവെച്ചിരിക്കുന്നു.
കുട്ടികൾക്കെന്ന പോലെ
മുതിർന്നവർക്കും ഏറെ
പ്രയോജനപ്പെടും ഈ കൃതി.

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ

31

THI 1